**RESTAURARE OMNIA IN CHRISTO**

*Irinjalakuda Diocesan Bulletin*

*P. B. No. 59, Irinjalakuda-680 121*

*Ph: 2826830, 2826820*

പുസ്തകം : 31. 2010 ജനുവരി ലക്കം : 1

# ഉള്ളടക്കം

| | | |
|---|---|---|
| 1. | ഇടയശബ്ദം | 02 |
| 2. | കച്ചേരിക്കാര്യങ്ങൾ | 04 |
| 4 | ഇടയലേഖനം | 06 |
| 5 | സർക്കുലർ | 11 |
| 6 | PACS | 12 |
| 7. | മാർപാപ്പയുടെ സന്ദേശം | 13 |
| 8 | KCBC നിർദ്ദേശങ്ങൾ | 22 |
| 9 | സഭാവാർത്തകൾ | 25 |
| 10 | മതബോധനം | 28 |
| 11 | ബൈബിൾ അപ്പസ്തോലേറ്റ് | 29 |
| 12 | പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് | 30 |
| 13. | സോഷ്യൽ ആക്ഷൻ | 33 |
| 14. | സംഘടനാവാർത്തകൾ | |
| | അവാർഡ് | 34 |
| | ജസ്റ്റിസ് ഫോറം | 35 |
| | B.L.M. | 36 |
| | സെന്റ് പോൾസ് മൈനർ സെമിനാരി | 36 |
| | ഫാമിലി അപ്പസ്തോലേറ്റ് | 37 |
| | നവചൈതന്യ | 37 |
| | ചെന്നൈ മിഷൻ | 38 |
| | സെക്കുലർ ഫ്രാൻസിസ് ഓർഡർ | 39 |
| | ലീജിയൻ ഓഫ് മേരി ആവേ മരിയ | 39 |
| | തിരുബാലസഖ്യം | 40 |
| | സ്പിരിച്ചാലിറ്റി സെന്റർ | 41 |
| | സാൻജോസദൻ | 41 |
| 15 | വൈദികവർഷം: ചില സാമൂഹ്യചിന്തകൾ | 42 |
| 16. | ഇടയന്റെ നാളെകൾ | 45 |
| 17 | ഇടയന്റെ ഇന്നലെകൾ | 46 |

# ഇടയശബ്ദം



## പുതുവർഷം

"എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻ കീഴുള്ള സമസ്തകാര്യത്തിനും ഒരവസരമുണ്ട്. ജനിക്കാൻ ഒരു കാലം, മരിക്കാൻ ഒരു കാലം, നടാനൊരു കാലം, നട്ടതു പറിക്കാൻ ഒരു കാലം" (സഭാപ്രസംഗകൻ 3, 1-2)

ജീവിതത്തിന്റെ ഒരിലകൂടി കൊഴിയുന്നു. കൊഴിഞ്ഞു പോയതിനെപ്പറ്റിയുള്ള ആകുലതകൾക്കും അസ്വസ്ഥതകൾക്കും ഉത്കണ്ഠകൾക്കും ഇനി പ്രസക്തിയില്ല. തളിരിടുന്ന നാമ്പിനെപറ്റിയുള്ള പുതുപ്രതീക്ഷകളാകണം മിഴിനിറയെ..... മനം മുഴുവനും. നമ്മുടെ ഉള്ളിലെ ഏറ്റവും ഉദാത്തമായ നന്മയുടെ സാധ്യതയെ വിളിച്ചുണർത്തുന്ന ഒരു കാലമാകട്ടെ പുതുവർഷം.

ജീവിതം ഒരു യാത്രയാണ്. കടലിലെ തിരമാലകളെപ്പോലെ ഒരു തീരത്തുനിന്ന് അടുത്ത തീരത്തേക്ക്. 2009-നെ പിന്നിലുപേക്ഷിച്ച് 2010-നെ ലക്ഷ്യമാക്കി യാത്രതിരിക്കുമ്പോൾ ചിലപ്പോൾ വേദനയുണ്ടാകാം. എങ്കിലും സ്വപ്നം പോലെ നീണ്ടുകിടക്കുന്ന പുതിയ അനുഭവങ്ങൾ, എത്തിപ്പിടിക്കേണ്ട ലക്ഷ്യങ്ങൾ, പൂർത്തീകരിക്കേണ്ട ചില നിയോഗങ്ങൾ നമ്മുടെ മിഴികൾക്ക് മഴവില്ലിന്റെ ചാരുതയേകും എന്നുള്ളത് തീർച്ച.

അനുഭവങ്ങളിൽനിന്ന് പാഠം പഠിക്കേണ്ടവനാണ് ബുദ്ധിയുള്ള മനുഷ്യൻ, പഠിച്ച പാഠങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ, മടിയിലിരുത്തി മറ്റുള്ളവർക്ക് പകർന്ന്കൊടുക്കുമ്പോൾ, ചില ജീവിതങ്ങളിലേയ്ക്ക് കൈത്തിരിവെട്ടമായി തെളിയിച്ച് നല്കുമ്പോൾ ജീവിതം കുറെക്കൂടി മനോഹരമാകും. മാതൃക നല്കി, പ്രകാശം പരത്തി, കൂടെ നടന്ന് വഴി നടത്തി, ദൈവാനുഭവം പകർന്ന് കടന്നുപോയ ചില ജീവിതങ്ങളെ, പുണ്യാത്മാക്കളെ, ഗുരുസാഗരങ്ങളെ കൂട്ടുപിടിച്ചാകണം പുതുവർഷത്തിലെ നമ്മുടെ യാത്ര.

പൂർത്തീകരിക്കാനുള്ള ലക്ഷ്യമാണ് ഓരോ തീർത്ഥാടകന്റെയും പ്രചോദനം. വഴിയിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെയും

പ്രലോഭനങ്ങളെയും അതിജീവിക്കുന്നത് ഈ സ്വപ്നത്തിന്റെ ചാരുതകൊണ്ടാകണം. ഉന്നതമായവയെ ലക്ഷ്യംവച്ച് യാത്രതിരിക്കുമ്പോൾ അല്പം സുഖം തരുന്ന പുറംകാഴ്ചകളിൽ കുടുങ്ങിപ്പോകരുത് എന്നും തീർത്ഥാടകർ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ഈ ലോകം വച്ചുനീട്ടുന്ന താത്കാലിക സന്തോഷങ്ങൾക്ക് അപ്പുറത്ത് നമ്മെ കാത്തിരിക്കുന്ന സ്വർഗ്ഗീയസൗഭാഗ്യത്തെ കൺമുമ്പിൽ കണ്ട് വേണം തുടർന്നുള്ള നമ്മുടെ യാത്ര.

ഒരു വർഷം കൊഴിയുമ്പോൾ ആയുസ്സിന്റെ ഒരു വർഷം പൂർത്തിയാക്കി എന്നൊരു സാധാരണ ചൊല്ലുണ്ട്. അല്പകാലത്തേയ്ക്കുള്ള നമ്മുടെ ഈ ലോക ജീവിതത്തിൽ നന്മയുടെ സുഗന്ധമായി, സന്തോഷത്തിന്റെ കാരണമായി, ആഹ്ലാദത്തിന്റെ ഉത്സവമായി നാം മാറിയോ എന്നൊരു ചോദ്യം അവശേഷിക്കുന്നു. നാം അവശേഷിപ്പിക്കുന്ന ചില തൂവലുകളാണ് നമ്മുടെ ഓർമ്മകളെ ഈ ഭൂമിയിൽ നിലനിർത്തുകയെന്നുള്ളത് ഉറപ്പ്. അതുകൊണ്ട് "ഞങ്ങളുടെ ജീവിതം ചില തിരുശേഷിപ്പുകളെ കൈമാറ്റം ചെയ്യുന്ന വിശുദ്ധജീവിതമാക്കണെ" എന്നുള്ളതാകട്ടെ ഈ പുതുവർഷത്തിൽ നമ്മുടെ പ്രാർത്ഥന. ആയുരാരോഗ്യസമാധാനസമ്പൽസമൃദ്ധിയുടെ പുതുവർഷം ഏവർക്കും ആശംസിച്ചുകൊണ്ട്.....നന്മകൾ നേർന്നുകൊണ്ട്......

ഇരിങ്ങാലക്കുട
26. 12. 2009

**മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ



ഏവർക്കും സമാഗതമായ
പുതുവർഷത്തിന്റെ മംഗളങ്ങളും നന്മകളും
ദൈവാനുഗ്രഹങ്ങളും നേരുന്നു.

-എഡിറ്റോറിയൽ ബോർഡ്



# കച്ചേരിക്കാര്യങ്ങൾ

1. **സീറോമലബാർ മിഷൻ ഞായർ: 10. 01. 2010:**
ദനഹാതിരുന്നാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് സീറോമലബാർ മിഷൻ ഞായർ. പ്രത്യേക പിരിവെടുത്ത് സംഖ്യ രൂപതാ പ്രൊക്കുറേറ്ററെ ജനുവരി മാസത്തിൽതന്നെ ഏല്പിക്കേണ്ടതാണ്.

2. **വൈദിക മാസധ്യാനം-നവവൈദികർക്ക് സ്വീകരണം:**
ജനുവരി 7-ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 10 മണിക്ക് രൂപതാഭവനത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ ബഹു. അച്ചന്മാരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

3. **സഭൈക്യവാരം:**
ജനുവരി 18-ന് ആരംഭിക്കുന്നു. വിവിധ ക്രൈസ്തവ സമൂഹങ്ങൾ ക്രിസ്തുവിൽ ഒന്നായിത്തീരാനും സഭാവിശ്വാസം ഉപേക്ഷിച്ചവർ തിരിച്ചുവരാനും ഈ സഭൈക്യവാരത്തിൽ പ്രത്യേകം പ്രാർത്ഥിക്കാം.

4. **റിപ്പബ്ലിക്ക് ദിനം-ജനുവരി 26:**
നമ്മുടെ ഭാരതത്തെ സ്വതന്ത്ര, പരമാധികാര രാഷ്ട്രമാക്കിപടുത്തുയർത്താൻ പരിശ്രമിച്ച ഭരണഘടനാശില്പികളെ നമുക്ക് ഓർക്കാം; മാതൃരാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കാം.

5. **ലോകസമാധാന ദിനം: ജനുവരി 30:**
രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ സ്മരിച്ച് ലോകത്തിൽ സമാധാനവും ഐശ്വര്യവും പുലരുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

6. **അമ്പുതിരുന്നാൾ:**
രൂപതാ നിർദ്ദേശങ്ങൾക്കനുസരിച്ച് അമ്പുപ്രദക്ഷിണങ്ങളുടെ സമയനിഷ്ഠ പാലിക്കുവാനും അവ പൊതുനിരത്തുകളിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആദ്ധ്യാത്മിക ഉണർവ്വ് പകരുന്നതിന് സഹായകമായ രീതിയിൽ തിരുന്നാൾ നടത്തുമല്ലോ.

7. **തിരുന്നാൾ റിപ്പോർട്ട്:**
തിരുന്നാളുകൾ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ നിശ്ചിതഫോറത്തിൽ റിപ്പോർട്ട് അയയ്ക്കുവാൻ ശ്രദ്ധിക്കുക.

**8. വലിയ നോമ്പ്:**

ഫെബ്രുവരി 14–ാം തിയ്യതി ഞായറാഴ്ച പാതിരാമുതൽ നോമ്പ് ആരംഭിക്കുന്നു. അന്നുമുതൽ ഉയിർപ്പുഞായർ വരെ വിവാഹം മുടക്ക്.

**9. രൂപതാബുള്ളറ്റിൻ:**

2009–ലെ ബുള്ളറ്റിനുകൾ ഒന്നിച്ച് ബൈൻഡ് ചെയ്ത് ഇടവക കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.

**10. പിരിവുകൾ:**

2009–ൽ വിവിധ ആവശ്യങ്ങൾക്കായി രൂപതയിലെ നിർദ്ദേശപ്രകാരം നടത്തിയിട്ടുള്ള പിരിവുകളുടെ സംഖ്യ രൂപതാപ്രൊക്കുറേറ്ററുടെ പക്കൽ ഇനിയും ഏല്പിക്കാത്ത ഇടവകകൾ ഈ മാസത്തിൽതന്നെ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. തെരട്ടുഫീസ് നിശ്ചിത തിയ്യതിക്കുള്ളിൽ അടയ്ക്കാത്തവർ ഈ മാസം തന്നെ അത് തീർക്കേണ്ടതാണ്.

**11.** 11–ാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാം സമ്മേളനം ഫെബ്രുവരി 13–ാം തിയ്യതി ശനിയാഴ്ച 10 മണിക്ക് രൂപതാഭവനത്തിൽവച്ച് കൂടുന്നു.

രൂപതാഭവനം
26. 12. 2009

**ഫാ. ജോസ് കാവുങ്കൽ**
വികാരി ജനറാൾ.

## സ്മരണാഞ്ജലി



| | |
|---|---|
| റവ. ഫാ. പോൾ ആലപ്പാട്ട് | : 26–01–1981 |
| റവ. ഫാ. ജോൺ അമ്പൂക്കൻ | : 05–01–1998 |
| റവ. ഫാ. ജെയിംസ് എളങ്കുന്നപ്പുഴ | : 09–01–2001 |
| റവ. ഫാ. ജോൺ അരിക്കാട്ട് | : 10–01–2002 |

1598/09
23/12/09

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹ ത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ. രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

*യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീസന്യാസികളേ, പ്രിയ മക്കളേ,*

മനുഷ്യരെ വിശുദ്ധീകരിക്കുക, ക്രിസ്തുവിന്റെ മൗതിക ശരീരമായ തിരുസഭയെ പടുത്തുയർത്തുക, സർവ്വോപരി ദൈവ ത്തിന് ആരാധനയർപ്പിക്കുക എന്നിവയാണ് ക്രിസ്തു സ്ഥാപിച്ച കൂദാശകളുടെ ലക്ഷ്യം (SC 50). തിരുപ്പട്ടമെന്ന കൂദാശവഴി നിത്യ പുരോഹിതനായ ക്രിസ്തുവിന്റെ പ്രതിരൂപത്തിൽ (ഹെബ്ര 5,1-10) വൈദികർ അഭിഷിക്തരാകുന്നത് സുവിശേഷം പ്രസംഗിക്കാനും വിശ്വാസികളെ പരിപാലിക്കാനും പുതിയ ഉടമ്പടിയിലെ പുരോഹി തരെന്ന നിലയിൽ ദൈവാരാധന നടത്താനുമാണ് (LG. 28). അങ്ങനെ വൈദിക ജീവിതം ക്രിസ്തുവിലേക്കും മനു ഷ്യരിലേയ്ക്കും ഉന്മുഖമാകയാൽ ദൈവവചനശുശ്രൂഷയിലും കൂദാ ശാപരികർമ്മത്തിലും ക്രിസ്തുവിനെയാണവർ പ്രതിനിധാനം ചെയ്യു ന്നതും, തത്ഫലമായി 'മറ്റൊരു ക്രിസ്തു'വായി ഭവിക്കുന്നതും. യേശു ദൈവത്തിനുവേണ്ടി ജീവിച്ചതുകൊണ്ടാണ് അത് എല്ലാ വർക്കും വേണ്ടിയുള്ള ജീവിതമായത്. തന്റെ ആദ്യസ്നേഹം ദൈവ ത്തോടായതുകൊണ്ടാണ് അവിടുത്തേയ്ക്ക് എല്ലാവരേയും സ്നേഹി ക്കാൻ കഴിഞ്ഞത്. പുരോഹിതന് മറ്റുള്ളവർക്കായി മാറാൻ കഴിയ ണമെങ്കിൽ ആദ്യം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായി മാറണം.

മേല്പറഞ്ഞ ലക്ഷ്യത്തോടെ ദീർഘകാല പരിശീലനം നേടി യാണ് വൈദികാർത്ഥികൾ തിരുപ്പട്ടമെന്ന കൂദാശയ്ക്കണയുക. തിരുപ്പട്ടദാന ശുശ്രൂഷയിൽ പങ്കെടുക്കുന്ന ഏവരുടേയും മനസ്സിൽ നിറഞ്ഞുനില്ക്കുന്ന ഹൃദയസ്പർശിയായ ഒരു രംഗമുണ്ട്.

പുരോഹിതാർത്ഥി സ്ഥാനവസ്ത്രങ്ങൾ ധരിച്ച് മദ്ബഹായ്ക്ക് താഴെനിന്ന്, തനിക്ക് ജന്മംതന്ന് വളർത്തി വലുതാക്കിയ മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങുന്നു. മകന്റെ കരങ്ങൾ കഴുകി ശുദ്ധീകരിച്ച് ശിരസ്സിൽ കരങ്ങൾവച്ച് പ്രാർത്ഥിക്കുമ്പോൾ, എന്നും ജീവിതവിശുദ്ധിയോടെ വ്യാപരിച്ച്, വാക്കും പ്രവൃത്തിയും പൊരുത്തപ്പെടുത്തി ആന്തരികതയുള്ള ആദ്ധ്യാത്മികതയിൽ വളർന്നുകാണുവാൻ അനുഗ്രഹിക്കുന്നു. വൈദികാർത്ഥിയാകട്ടെ, ഇനിമുതൽ ഞാൻ നിങ്ങളുടേത് മാത്രമല്ല, ലോകം മുഴുവന്റേതുമാണെന്ന്, നിശ്ശബ്ദമായി പ്രഖ്യാപിക്കുന്നു. മകൻ അതിവിശുദ്ധ സ്ഥലമായ മദ്ബഹായിലേയ്ക്ക് പ്രവേശിക്കുമ്പോൾ കണ്ണുകൾപൂട്ടി കരങ്ങൾ കൂപ്പി നിൽക്കുന്ന മാതാപിതാക്കൾ, കുരിശിൻചുവട്ടിൽ ഈശോയുടെ ജീവിതരംഗങ്ങൾക്ക് സാക്ഷ്യംവഹിച്ച മാതാവിനെപ്പോലെ ശക്തി പകരുന്നവരായി മാറുന്നു.

തുടർന്ന് വൈദികാർത്ഥി കത്തോലിക്കാ സഭയുടെ വിശ്വാസപ്രമാണം ഏറ്റുപറയുന്നതോടൊപ്പം സഭാധികാരികളോടുള്ള വിധേയത്വവും പ്രഖ്യാപിക്കുന്നു. താൻ വൈദികനാകുന്നത് കത്തോലിക്കാ സഭയുടെ നാമത്തിലും സഭയ്ക്കുവേണ്ടിയുമാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നു. സഭയോടുള്ള അകളങ്കിതമായ വിശ്വസ്തതയാണ് വൈദികന്റെ മഹനീയ സ്വഭാവവിശേഷം. സഭയിലൂടെയാണ് തനിക്ക് ചുമതലകൾ നല്കപ്പെട്ടതെന്ന ബോധ്യം വൈദികന് വേണം; അതിനാൽ താൻ സഭയുടെ പ്രതിനിധിയാണെന്ന അവബോധവും വേണം.

ലോകത്തിൽ ജീവിച്ച് ലോകത്തിലെ അശുദ്ധി ലവലേശമില്ലാതെ ലോകത്തെ വിശുദ്ധീകരിക്കാനുള്ള വൈദികധർമ്മത്തെ അനുസ്മരിപ്പിച്ച് “നിന്നിലുള്ള പാപഭാരം മുഴുവൻ മിശിഹാ നീക്കിക്കളയട്ടെ” എന്ന് പ്രാർത്ഥിച്ചുകൊണ്ട് മെത്രാൻ വൈദികാർത്ഥിയുടെ ശിരസ്സിൽനിന്ന് അല്പം മുടിമുറിക്കുന്നു. പരസ്യജീവിതം ആരംഭിക്കും മുമ്പ് ഈശോ ജോർദ്ദാൻ നദിയിൽ സ്നാപകയോഹന്നാന്റെ മുമ്പിൽചെന്ന് ശിരസ്സ് നമിച്ച് സ്നാനം സ്വീകരിച്ച് കയറിപ്പോരുമ്പോൾ പിതാവായ ദൈവം സാക്ഷ്യപ്പെടുത്തി. “ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു”(മത്താ 3,17). പാപരഹിതൻ ദൈവം പ്രസാദിച്ചവനാണ്; ദൈവത്തിന്റെ പ്രിയപുത്രനാണ്.

ഈയവസരത്തിൽ പരിശുദ്ധാത്മാഭിഷേകത്തിനായി എല്ലാവരും ഉള്ളുരുകി പ്രാർത്ഥിക്കുന്നു. കരങ്ങൾ കൂപ്പി ശിരസ്സ് നമിച്ച് നില്ക്കുന്ന വൈദികാർത്ഥിയുടെ ശിരസ്സിൽ വലതുകൈ വച്ചുകൊണ്ട് മെത്രാൻ പ്രാർത്ഥിക്കുന്നു.: "കർത്താവേ, പൗരോഹിത്യശുശ്രൂഷയുടെ കൈവയ്പ്പുവഴി ഞങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ശ്ലൈഹിക പാരമ്പര്യമനുസരിച്ച്, അങ്ങയുടെ സഭയിൽ തെരഞ്ഞെടുക്കപ്പെട്ട പുരോഹിതനായിത്തീരുന്നതിന് ഈ ദാസനെ സമർപ്പിക്കുന്നു."

ഈശോ പുരോഹിതകുടുംബത്തിലോ ഗോത്രത്തിലോ ജനിച്ചവനല്ല. പരിശുദ്ധാത്മാഭിഷേകത്താൽ കർമ്മഭൂമിയിൽ നിറഞ്ഞുനിന്ന് പ്രസംഗിച്ചു; പഠിപ്പിച്ചു, രോഗികൾക്ക് സൗഖ്യം നല്കി; പിശാചുക്കളെ പുറത്താക്കി; അവസാനം ലോകത്തിന്റെ ഗതി മാറ്റാൻ കാൽവരിയിൽ സ്വജീവൻ പണയപ്പെടുത്തി. അവിടെയർപ്പിച്ച ദിവ്യയാഗത്തിലൂടെ നിത്യപുരോഹിതനായി. തന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റി, താൻ ചരിത്രത്തിൽ തുടങ്ങിവച്ചത് ചരിത്രത്തിലൂടെ തുടരാൻവേണ്ടി ഈശോ തിരഞ്ഞെടുത്തവരാണ് പന്ത്രണ്ട് അപ്പസ്തോലന്മാർ. ഈശോയുടെ സ്വർഗ്ഗാരോഹണത്തിന്ശേഷം ഈശോ വി. കുർബ്ബാന സ്ഥാപിച്ച സെഹിയോൻ ഊട്ടുശാലയിൽ മാതാവും ശിഷ്യരും പ്രാർത്ഥനാനിരതരായിരുന്നപ്പോൾ അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് (അപ്പ.2,1-4) പ്രവർത്തനവേദിയിലേക്ക് ഇറങ്ങി. ഈശോ തുടങ്ങിവച്ചതും അപ്പസ്തോലന്മാരിലൂടെ തുടർന്നുപോന്നതുമായ ശുശ്രൂഷയിൽ മെത്രാന്റെ കൈവപ്പുവഴി ഭാഗഭാക്കാകുന്നതിനാലാണ് ശ്ലൈഹികപാരമ്പര്യമനുസരിച്ചുള്ള പുരോഹിതശുശ്രൂഷ എന്നുപറയുന്നത്. ഈ വിശുദ്ധ പാരമ്പര്യത്തെ നിഷേധിക്കുന്ന അഭിനവ 'മിശിഹാമാർ' ഇന്ന് രംഗപ്രവേശം ചെയ്തിട്ടുണ്ട്. നമ്മൾ സർപ്പത്തെപ്പോലെ വിവേകികളാകണം.

രണ്ടാം കൈവയ്പ്പ് പ്രാർത്ഥനയിൽ പുരോഹിതന്റെ വിവിധ ശുശ്രൂഷകൾ അനുസ്മരിപ്പിക്കുന്നു. "വിശുദ്ധമായ തിരഞ്ഞെടുപ്പിലൂടെ വേർതിരിക്കുകയും സ്വീകരിക്കുകയും ചെയ്ത ഈ ദാസന് സത്യത്തിന്റെ വചനം സ്വീകരിക്കുന്നതിനുവേണ്ടി കൃപ നല്കണമെ. രോഗികളുടെമേൽ കൈവച്ച് അവരെ സുഖപ്പെടുത്തുന്നതിനും, തിരുസ്സഭയിൽ പ്രാർത്ഥനയും കൃതജ്ഞതാബലികളും അർപ്പിക്കുന്നതിനും,

സഭാംഗങ്ങളുടെ ജനനത്തിന് മാമ്മോദീസ നല്കുന്നതിനും, ജനത്തിന് പാപമോചനം നല്കുന്നതിനും, സഭയുടെ നാമത്തിൽ വിവാഹം ആശീർവ്വദിക്കുന്നതിനും, സഭയുടെ സന്താനങ്ങളെ പുണ്യപ്രവൃത്തികൾകൊണ്ട് അലങ്കരിക്കുന്നതിനും ഇദ്ദേഹത്തെ പൗരോഹിത്യത്തിലേയ്ക്ക് തിരഞ്ഞെടുക്കണമെ". ഈശോ തനിക്ക് ഇഷ്ടമുള്ളവരെ തിരഞ്ഞെടുത്തു (മാർക്കോസ് 2,13). താൻ ചരിത്രത്തിൽ ജീവിച്ചതും പ്രവർത്തിച്ചതും തുടരാൻ അവരെ നിയോഗിച്ചതുപോലെ, ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ കൈവപ്പു പ്രാർത്ഥനയിലൂടെ നിയുക്തരാക്കുന്നതും, ആ നിയോഗം എറ്റുവാങ്ങാൻ പ്രാപ്തരാക്കുന്നതുമാണ് തിരുപ്പട്ടം എന്ന കൂദാശ (CCC 1536). പരിശുദ്ധാത്മാഭിഷേകത്താൽ മറ്റെല്ലാ കൂദാശകളും പരികർമ്മം ചെയ്യാൻ വൈദികാർത്ഥിയെ തിരുപ്പട്ടം എന്ന കൂദാശ പ്രാപ്തനാക്കുന്നു.

"ഭൂമിയിൽ നിന്റെ ജീവിതകാലം മുഴുവൻ നൈർമ്മല്യത്തോടും തീക്ഷ്ണതയോടും വിശുദ്ധിയോടുംകൂടി തന്നെ പ്രീതിപ്പെടുത്തുവാൻ നീതിയുടെ വസ്ത്രം എന്നറിയപ്പെടുന്ന കാപ്പ ധരിപ്പിക്കുന്നു". നിത്യപുരോഹിതനായ ഈശോയുടെ ആത്മബലം താൻ കുറ്റമറ്റജീവിതത്തിന്റെ ഉടമയായിരുന്നുവെന്നതാണ് (റോമ 8,46). മറ്റുള്ളവർക്ക് അർഹതയില്ലാത്ത അംഗീകാരം നൽകി കാരുണ്യത്തിന്റെ മൂർത്തീഭാവമായി പരിലസിച്ച ഈശോയിൽനിന്ന് നീതി ജലം പോലെ ഒഴുകി. കണ്ടുമുട്ടിയതും ഇടപഴകിയതുമായ ജനഹൃദയങ്ങളിൽ അവിടുന്ന് സ്ഥാനം പിടിച്ചു. അവസാന അത്താഴവേളയിൽ "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന് ഈശോ ആഹ്വാനം ചെയ്തപ്പോൾ ബലിയർപ്പിക്കാൻ മാത്രമല്ല, ബലിയായ്ത്തീർന്ന ഈശോയുടെ ജീവിതം തുടരാനുമാണ് അവിടുന്ന് ആവശ്യപ്പെട്ടത്. നീതിയുടെ വസ്ത്രം ധരിച്ച് ബലിയർപ്പിക്കുമ്പോൾ അത് ദിവസത്തിലെ ഒരു കർമ്മമായിട്ടല്ല, ആ ദിവസത്തിന്റെ മുഴുവൻ ഊർജ്ജസ്രോതസ്സായി മാറ്റാനാണ് ഈശോ ആവശ്യപ്പെട്ടത്. ഒരു വൈദികന്റെ പ്രാഥമിക സമർപ്പണം കൂദാശകളുടെ കൂദാശയായ വി. കുർബ്ബാനയോടായിരിക്കണം. പൗലോസ് അപ്പസ്തോലൻ ഓർമ്മിപ്പിക്കുന്നതുപോലെ "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണിത് (2 കൊറി 5,15).

നവവൈദികന് സുവിശേഷഗ്രന്ഥം നല്കിക്കൊണ്ട് ഉദ്ബോധിപ്പിക്കുന്നു: വഴിയും സത്യവും ജീവനുമായ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം നീ പ്രഘോഷിക്കുക. സുവിശേഷത്തിലെ ഈശോ നിന്റെ ശക്തികേന്ദ്രവും ഈശോയുടെ സുവിശേഷം നിന്റെ ജീവിതനിയമവുമാകട്ടെ. അങ്ങനെ സുവിശേഷമാകാനും സുവിശേഷമേകാനും അഭിഷേകം ചെയ്ത് വിശുദ്ധീകരിക്കുകയും പൗരോഹിത്യത്തിന്റെ മഹനീയമുദ്രയിടപ്പെടുകയും ചെയ്യുന്നു (CCC 1599). അതുവഴി നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യരൂപം പ്രാപിച്ചിരിക്കുന്നതിനാൽ വൈദികർക്ക് ശിരസ്സായ അവിടുത്തെ നാമത്തിൽ പ്രവർത്തിക്കാൻ സാധിക്കും. പ്രാർത്ഥനയിലൊ ആരാധനയിലൊ ദൈവവചനപ്രഘോഷണത്തിലോ വിശുദ്ധബലിയർപ്പണത്തിലോ ഇതരകൂദാശകളുടെ പരികർമ്മത്തിലോ മറ്റേതെങ്കിലും സേവനത്തിലൊ ഏർപ്പെട്ടിരിക്കുമ്പോൾ പുരോഹിതർ ദൈവമഹത്വം വർദ്ധിപ്പിക്കുന്നതിനും മനുഷ്യാത്മാക്കളിൽ ദൈവിക ജീവിതം വർദ്ധമാനമാക്കുന്നതിനും സഹകരിക്കുകയാണ് ചെയ്യുന്നത് (PO. 2).

ഈശോ തനിക്കു ലഭിച്ച പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ (മത്താ 3,16) മൗതികശരീരം മുഴുവനേയും ഭാഗഭാക്കാക്കി. ക്രിസ്തീയ വിശ്വാസികളെല്ലാം പരിശുദ്ധവും രാജകീയവുമായ ഒരു പുരോഹിതഗണമായി പരിണമിച്ചു. അങ്ങനെ, മിശിഹായുടെ പൊതുപൗരോഹിത്യത്തിൽ ദൈവജനമെല്ലാം ഉൾപ്പെടുന്നു. ഇവരെ നയിക്കാനും വിശുദ്ധീകരിക്കാനും ഇവയ്ക്ക് നേതൃത്വം നൽകാനും, ഇവരിൽ നിന്നുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർ തിരുപ്പട്ടമെന്ന കൂദാശയിലൂടെ അഭിഷിക്തരാകുന്നതാണ് ശുശ്രൂഷാപൗരോഹിത്യം. അതിനാൽ നാമെല്ലാം മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുകാരാണെന്ന അവബോധത്തിൽ നമുക്കും വ്യാപരിക്കാം; ശുശ്രൂഷാപൗരോഹിത്യത്തിലുള്ളവർക്കു താങ്ങും തണലുമായി ശക്തിപകരുന്നവരാകാം.

**മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ ഇടയലേഖനം ജനുവരി 4 ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✞ J.P.

# സർക്കുലർ

1602/09
24/12/09

## പ്രൊഫഷണൽ സി. എൽ. സി. രൂപീകരണം.

*യേശുവിൽ പ്രിയ സഹോദരരേ, വത്സല മക്കളേ,*

യേശുവിനെ കൂടുതൽ അടുത്തറിയുന്നതിനും അനുകരിക്കുന്നതിനും ദൈവരാജ്യനിർമ്മിതിക്കായി യത്നിക്കുന്നതിനും പ്രായഭേദമെന്യേ എല്ലാ ജീവിതമണ്ഡലങ്ങളിലുംപെട്ട വ്യക്തികൾ ഉൾപ്പെടുന്ന ക്രിസ്തീയജീവിതസമൂഹമാണ് സി. എൽ. സി. മരിയൻ സൊഡാലിറ്റി എന്നപേരിൽ അറിയപ്പെട്ടിരുന്ന ഈ സംഘടന ക്രൈസ്തവസഭയുടെ വളർച്ചയ്ക്കും, വിശിഷ്യ ദൈവവിളി പ്രോത്സാഹനത്തിനും നൽകിയിട്ടുള്ള സംഭാവനകൾ അതുല്യങ്ങളാണ് എന്ന് പറയേണ്ടതില്ലല്ലോ. നാമുൾപ്പെടെ ഒട്ടേറെ വിശ്വാസികളും ഈ സംഘടനയിലൂടെ വളർന്നുവന്നവരാണ്. സി. എൽ. സി.യെക്കുറിച്ച് പറയുമ്പോൾ ശ്രദ്ധേയമായ ഒരു കാര്യം ഇത് വെറുമൊരു സംഘടനയല്ല, പിന്നെയോ, ഒരു ജീവിതരീതിയാണ് എന്നതാണ്. പ്രാർത്ഥന, പഠനം, പ്രവർത്തനം എന്നത് ആദർശവാക്യമായും, വി. ഇഗ്നേഷ്യസ് ലെയോളയുടെ ആദ്ധ്യാത്മികസാധനയെ ആത്മീയജീവിതത്തിന്റെ സവിശേഷമാദ്ധ്യമമായും സ്വീകരിച്ച് മുന്നേറുന്ന സമൂഹമാണ് സി.എൽ.സി.

ജീവിതത്തിന്റെ സുപ്രധാന കാലഘട്ടമായ യുവത്വത്തിന്റെ നാളുകളിൽ സഭയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ചിരുന്ന സി. എൽ.സി. യിൽ തുടർന്നുള്ള നാളുകളിലും ഇതേ പാത പിൻതുടർന്ന് ജീവിക്കേണ്ടത് ആവശ്യമാണ്. ആജീവനാന്ത അംഗത്വമാണ് സി. എൽ.സി.യിലുള്ളത്. എങ്കിലും നമ്മുടെ രൂപതയിൽ സൗകര്യാർത്ഥം മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അല്മായ സമൂഹത്തിലെ സവിശേഷ ദൈവവിളിയെന്ന പ്രതിച്ഛായയിൽ നിൽക്കുന്ന സി.എൽ.സി.യിൽ ആദ്യകുർബ്ബാനസ്വീകരണം നടത്തിയ കുട്ടികൾ മുതൽ പ്രായമായവർ ഉൾപ്പെടെയുള്ള അംഗങ്ങളുണ്ട്. ജൂനിയർ, സീനിയർ എന്നപോലെ പ്രൊഫഷണൽ സി.എൽ.സി (സൂപ്പർ സീനിയറായും) സി.എൽ.സി.യുടെ രൂപതാഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് അതുകൊണ്ടാണ്. സുവിശേഷാനുസൃതമായ ജീവിതത്തിലൂടെ യേശുവിന് സാക്ഷ്യം നൽകുന്നവർ

വിരളമായിക്കൊണ്ടിരിക്കുന്ന ഈ ശാസ്ത്രയുഗത്തിൽ ആദിമക്രൈസ്തവസമൂഹത്തിന് സമാനമായ ഒരു ക്രൈസ്തവജീവിതസമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണ് രൂപതാ സി.എൽ.സി നടത്തുന്നത്. അതിനായി പരിശ്രമിക്കേണ്ടത് സി.എൽ. സി. സമൂഹത്തിന്റെ കടമയുമാണ്.

ഇതിനോടകംതന്നെ രൂപതയിലെ ചില ഇടവകകളിൽ പ്രൊഫഷണൽ സി. എൽ.സി നിലവിലുണ്ട് എന്നതിൽ സന്തോഷം. സംഘടനയുടെ ചൈതന്യത്തിൽ ജീവിക്കുന്ന കൂടുതൽ യൂണിറ്റുകൾ പ്രവർത്തനക്ഷമമാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അതിനുമുന്നോടിയായി നടത്തപ്പെടുന്ന തലമുറകളുടെ സംഗമത്തിനും തുടർന്ന് പ്രൊഫഷണൽ സി.എൽ.സി. രൂപീകരണത്തിനും ബഹു. വികാരിമാരും ഇടവകയോഗങ്ങളും കമ്മിറ്റികളും ആവശ്യമായ സഹായസഹകരണങ്ങൾ നൽകണമെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നു. ഇതിനുവേണ്ടി പ്രയത്നിക്കുന്ന എല്ലാവർക്കും സർവ്വവിധ നന്മകളും അനുഗ്രഹങ്ങളും വിജയാശംസകളും നേരുന്നു.

അനുഗ്രഹാശിസ്സുകളോടെ,

ഇരിങ്ങാലക്കുട **മാർ ജെയിംസ് പഴയാറ്റിൽ**
24. 12. 2009 ഇരിങ്ങാലക്കുട രൂപതാ മെത്രാൻ.

## PACS PROGRAMME

**1. Pre-Cana:** January 4,5,6; 11,12,13;
18,19,20; 25,26,27
February 1,2,3.

**II.** Programme**:**

| | | |
|---|---|---|
| January | 3 | CLA |
| | 5-9 | Shalom Fest |
| | 29-30 | Deaf & Dumb |
| February | 10-14 | K.V.S.B |
| | 14 | Couples' Day |
| | 22-23 | Sacristans' Retreat |

**Fr. Joy Nellissery,** Director

# ലോകസമാധാനദിനസന്ദേശം - 2010 ജനുവരി 1

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

## *സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക*

1. ഈ പുതുവർഷാരംഭത്തിൽ, ലോകമെങ്ങുമുള്ള ക്രൈസ്തവ സമൂഹങ്ങൾക്കും അന്താരാഷ്ട്രനേതാക്കൾക്കും സന്മനസ്സുള്ള എല്ലാവർക്കും ഹൃദയപൂർവ്വം സമാധാനം ആശംസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാല്പത്തി മൂന്നാമത്തെ ഈ ലോകസമാധാനദിനത്തിന്റെ ചിന്താവിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് "സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക"യെന്നതാണ്. സൃഷ്ടിയോടുള്ള ആദരം അളവറ്റ പ്രാധാന്യമർഹിക്കുന്നു. എന്തെന്നാൽ "ദൈവത്തിന്റെ സകല പ്രവൃത്തികളുടെയും ആരംഭവും അടിസ്ഥാനവും സൃഷ്ടിയാണ്"(CCC 198). മനുഷ്യവംശത്തിന്റെ സമാധാനപൂർണമായ സഹാസ്തിത്വത്തിന് അതിന്റെ സംരക്ഷണം ഇന്ന് അടിസ്ഥാനപരമായ കാര്യമായിരിക്കുന്നു. മനുഷ്യൻ മനുഷ്യനോടു ചെയ്തിട്ടുള്ള മനുഷ്യത്വരഹിതമായ പ്രവൃത്തികൾ മൂലം സമാധാനത്തിനും, യഥാർത്ഥവും സമഗ്രവുമായ മാനുഷികവികസനത്തിനും അസംഖ്യം ഭീഷണികൾ ഉണ്ടായിട്ടുണ്ട്. യുദ്ധങ്ങളും ദേശീയവും അന്തർദേശീയവുമായ സംഘട്ടനങ്ങളും, ഭീകരപ്രവർത്തനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ അസ്വസ്ഥതയുളവാക്കുന്നതാണ് ദൈവം നമുക്കു നല്കിയ ഭൂമിയുടെയും പ്രകൃതിപരമായ നന്മകളുടെയും കടുത്ത ദുരുപയോഗത്തിൽ നിന്നല്ലെങ്കിൽപോലും അവയോടുള്ള അവഗണനയിൽ നിന്ന് ഉളവാകുന്ന ഭീഷണികൾ. അതുകൊണ്ട് മനുഷ്യവംശം ഒരു ഉടമ്പടി നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക അത്യാവശ്യമാണ്. "മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ഉടമ്പടിയാണത്. പരിസ്ഥിതി ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹം പ്രതിബിംബിക്കുന്ന ഒന്നാണ്. ദൈവത്തിൽനിന്നാണ് നാം പുറപ്പെട്ടത്, ദൈവത്തിലേയ്ക്കാണു നാം യാത്ര ചെയ്യുന്നതും".

2. പ്രകൃതിപരമായ പരിസ്ഥിതിയോടുള്ള മനുഷ്യന്റെ ദൃഢബന്ധത്തിൽ നിന്നുണ്ടാകുന്ന കടമകളോട് ഉറ്റബന്ധം പുലർത്തുന്നതാണ് സമഗ്ര മാനുഷിക വികസനമെന്ന് "*സത്യത്തിൽ സ്നേഹം*" എന്ന എന്റെ ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എല്ലാ

ജനതകൾക്കും വേണ്ടിയുള്ള ദൈവദാനമായി പരിസ്ഥിതിയെ കാണണം. മുഴുവൻ മനുഷ്യവംശത്തോടും, പ്രത്യേകിച്ച് ദരിദ്രരോടും വരുംതലമുറകളോടുമുള്ള പങ്കുവയ്ക്കപ്പെട്ട ഉത്തരവാദിത്വത്തോടെ വേണം അത് ഉപയോഗിക്കാൻ. പ്രകൃതിയെ, പ്രത്യേകിച്ച് മനുഷ്യരെ ആകസ്മികതയുടെയോ പരിണാമപരമായ മുൻനിർണ്ണയത്തിന്റെയോ ഉത്പന്നങ്ങൾ മാത്രമായി കാണുമ്പോൾ, നമ്മുടെ ഉത്തരവാദിത്വ ബോധം അസ്തമിക്കുന്നുവെന്നും ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. നേരേ മറിച്ച്, ദൈവം മനുഷ്യവംശത്തിനു നല്കിയ ദാനമായി സൃഷ്ടിയെ വീക്ഷിക്കണം. മനുഷ്യരെന്ന നിലയിലുള്ള നമ്മുടെ വിളിയും മൂല്യവും മനസ്സിലാക്കാൻ ആ വീക്ഷണം സഹായിക്കും. സങ്കീർത്തകനോടൊപ്പം, വിസ്മയത്തോടെ ഇങ്ങനെ ഉദ്ഘോഷിക്കാൻ നമുക്കു കഴിയുകയും ചെയ്യും: "അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനിടത്തെയും അവിടന്നു സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും" ഞാൻ കാണുന്നു. അവിടുത്തെ ചിന്തയിൽ വരാൻ മാത്രം മർത്യന് എന്തു മേന്മയുണ്ട്? അവിടത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത് (സങ്കീ 8:34) സൃഷ്ടിയുടെ സൗന്ദര്യത്തെപ്പറ്റിയുള്ള ധ്യാനം സ്രഷ്ടാവിന്റെയും സ്നേഹത്തെ, "സൂര്യനെയും നക്ഷത്രങ്ങളെയും ചലിപ്പിക്കുന്ന ദൈവിക സ്നേഹത്തെ", തിരിച്ചറിയാൻ നമ്മെ പ്രേരിപ്പിക്കുന്നു.

3. ഇരുപതുവർഷം മുമ്പ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച ലോകസമാധാനദിനസന്ദേശം താഴെപ്പറയുന്ന പ്രമേയത്തെക്കുറിച്ചായിരുന്നു: "സ്രഷ്ടാവായ ദൈവത്തോട് സമാധാനത്തിൽ വർത്തിക്കുക, മുഴുവൻ സൃഷ്ടിയോടും സമാധാനത്തിൽ വർത്തിക്കുക". ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ നമുക്കു ചുറ്റുമുള്ള മുഴുവൻ പ്രപഞ്ചത്തോടും നമുക്കുള്ള ബന്ധത്തെപ്പറ്റി അദ്ദേഹം ഊന്നിപ്പറഞ്ഞു. അദ്ദേഹം ഇങ്ങനെ എഴുതി: "പ്രകൃതിക്ക് അർഹമായ ആദരം കാണിക്കാത്തതുകൊണ്ട് ലോകസമാധാനത്തിന് ഭീഷണിയുണ്ടാകുന്നുവെന്ന അവബോധം ഇന്നു വളർന്നു വരുന്നുണ്ട്". അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: "പരിസ്ഥിതിയെപ്പറ്റിയുള്ള ഈ ബോധം തള്ളിക്കളയരുത്. അതിനെ വികസിപ്പിക്കുകയും പക്വതയിലെത്തിക്കുകയും വേണം. വസ്തുനിഷ്ഠമായ കർമ്മ പരിപാടികളിലും സംരംഭങ്ങളിലും അത് സമുചിതമായി പ്രകാശിപ്പിക്കപ്പെടുകയും വേണം". മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മുൻകാലത്തെ മാർപാപ്പമാരും സംസാരിച്ചിട്ടുണ്ട്. ഉദാഹരണമായി, ലേയോ 13-ാമന്റെ "റേരും നൊവാരും" എന്ന ചാക്രികലേ

ഖനത്തിന്റെ എൺപതാം വാർഷികത്തിൽ പോൾ ആറാമൻ മാർപാപ്പ ഇങ്ങനെ മുന്നറിയിപ്പു നല്കി. "മനുഷ്യൻ പ്രകൃതിയെ വിവേകരഹിതമായി ചൂഷണം ചെയ്യുന്നതുവഴി അതിനെ നശിപ്പിക്കുകയെന്ന അപകടനില സൃഷ്ടിക്കുന്നു. മനുഷ്യൻ തന്നെ ആ നാശത്തിന്റെ ഇരയായിത്തീരുകയെന്ന അപകട സാധ്യതയിലെത്തുകയും ചെയ്യുന്നു" . അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: ഭൗതിക പരിസ്ഥിതി സ്ഥിരഭീഷണിയായി മാറുന്നു - മലിനീകരണം, ഖരമാലിന്യങ്ങൾ, പുതിയ രോഗങ്ങൾ, തികഞ്ഞ വിനാശക ശക്തി എന്നിങ്ങനെ. അതു മാത്രമല്ല മാനുഷിക ചട്ടക്കൂടുതന്നെ മനുഷ്യന്റെ നിയന്ത്രണത്തിലാവാതായിരിക്കുന്നു. അങ്ങനെ, ഭാവിയിൽ അസഹനീയമായ പരിസ്ഥിതി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് വ്യാപകമായ ഒരു സാമൂഹിക പ്രശ്നമാണ്. മുഴുവൻ മനുഷ്യവംശത്തെയും അതു ബാധിക്കുന്നു".

4. ഈ വിഷയത്തിൽ സവിശേഷ സാങ്കേതിക പരിഹാരം നിർദ്ദേശിക്കാനുള്ള യോഗ്യത സഭയ്ക്കില്ല. എന്നാലും സഭ "മനുഷ്യവംശത്തിന്റെ വിദഗ്ധ"യെന്ന നിലയിൽ ഒരുകാര്യം ചെയ്യുന്നു. അതായത്, സ്രഷ്ടാവും മനുഷ്യരും സൃഷ്ടക്രമവും തമ്മിലുള്ള ബന്ധം ശ്രദ്ധിക്കാൻ ആഹ്വാനം ചെയ്യുന്നു. ജോൺ പോൾ രണ്ടാമൻ 1990-ൽ "പരിസ്ഥിതിപരമായ വിഷമപ്രശ്ന"ത്തെക്കുറിച്ചു സംസാരിച്ചു. അതിന്റെ പ്രാഥമികമായ ധാർമ്മിക സ്വഭാവത്തെ എടുത്തു കാണിച്ചുകൊണ്ട് "പുതിയൊരു ഐക്യദാർഢ്യത്തിന്റെ ധാർമ്മികാവശ്യം എത്ര അടിയന്തിര സ്വഭാവമുള്ളതാണെന്ന്" ചൂണ്ടിക്കാണിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭ്യർത്ഥന ഇന്നു വളരെയേറെ അടിയന്തിര സ്വഭാവമുള്ളതായിരിക്കുന്നു. ഇന്ന് വിഷമസന്ധിയുടെ അടയാളങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനെ അവഗണിക്കുകയെന്നത് തികച്ചും നിരുത്തരവാദിത്വപരമായ നിലപാടായിരിക്കും. കാലാവസ്ഥയുടെ മാറ്റം, വിസ്തൃതകാർഷികപ്രദേശങ്ങൾ മരുഭൂമിയായിത്തീരൽ, അവിടങ്ങളിൽ ഉത്പാദനമില്ലാതാകൽ, നദികളിലെയും നീർത്തടാകങ്ങളിലെയും മലിനീകരണം, ജീവപരമായ വൈവിധ്യത്തിന്റെ നഷ്ടം, പ്രകൃതിക്ഷോഭങ്ങളുടെ വർദ്ധന, ഭൂമധ്യരേഖാപ്രദേശങ്ങളിലും ഉഷ്ണമേഖലാപ്രദേശങ്ങളിലും വനനശീകരണം എന്നിങ്ങനെയുള്ള യാഥാർത്ഥ്യങ്ങളോടു ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് നിസ്സംഗത പുലർത്താൻ നമുക്കു കഴിയുമോ? പരിസ്ഥിതിപരമായ അഭയാർത്ഥികൾ എന്ന വർദ്ധമാനമായ പ്രതിഭാസത്തെ നമുക്ക് അവഗണിക്കാൻ കഴിയുമോ?

ആ അഭയാർത്ഥികൾ തങ്ങളുടെ സ്വാഭാവികവികസന കേന്ദ്രത്തിന്റെ നശിപ്പിക്കൽ വഴി അത് ഉപേക്ഷിക്കാൻ നിർബന്ധിക്കപ്പെട്ടവരാണ്. അവർ മിക്കപ്പോഴും തങ്ങളുടെ സമ്പാദ്യങ്ങളെല്ലാം ഉപേക്ഷിച്ചിട്ടാണു പുറപ്പെടുന്നത്. നിർബന്ധപൂർവകമായ മാറ്റിപ്പാർപ്പിക്കലിന്റെ അപകടങ്ങളും അനിശ്ചിതത്വങ്ങളും നേരിടാനാണ് പുറപ്പെടുന്നത്! പ്രകൃതി വിഭവങ്ങളുടെ ലഭ്യതയെ സംബന്ധിച്ച് ഇപ്പോഴുള്ളതും ഭാവിയിൽ ഉണ്ടാകാനിരിക്കുന്നതുമായ സംഘട്ടനങ്ങളുടെ മുമ്പിൽ നമുക്കു നിഷ്ക്രിയരായി കഴിയാനാവുമോ? ജീവിക്കാനും ഭക്ഷിക്കാനും ആരോഗ്യം സംരക്ഷിക്കാനും വികസിക്കാനുമുള്ള അവകാശം പോലുള്ള മനുഷ്യാവകാശത്തിന്റെ പ്രയോഗത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം വലിയ സ്വാധീനമുണ്ട്.

5. പരിസ്ഥിതി സംബന്ധമായ വിഷമസ്ഥിതിയെ അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങളിൽ നിന്നു മാറ്റി നിറുത്തി വീക്ഷിക്കാനാവുകയില്ലയെന്ന വസ്തുത വ്യക്തമാക്കപ്പെടണം. എന്തെന്നാൽ അത് വികസനമെന്ന സങ്കല്പത്തോടു തന്നെ ഉറ്റബന്ധം പുലർത്തുന്നതാണ്. മറ്റുള്ളവരോടും മറ്റു സൃഷ്ടിജാലങ്ങളോടും ബന്ധപ്പെട്ടവനെന്ന നിലയിൽ മനുഷ്യനെക്കുറിച്ചുള്ള ധാരണയോടും അതിനു ദൃഢബന്ധമുണ്ട്. അതുകൊണ്ട് നമ്മുടെ വികസനമാതൃകയെ അഗാധവും ദീർഘവീക്ഷണത്തോടുകൂടിയതുമായ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. ആ മാതൃക സാമ്പത്തികതയുടെ അർത്ഥം, അതിന്റെ ലക്ഷ്യങ്ങൾ എന്നിവ പരിഗണിക്കുന്നതായിരിക്കണം. അതിന്റെ തെറ്റായ പ്രവർത്തനങ്ങളും തെറ്റായ പ്രയോഗങ്ങളും തിരുത്താൻ ശ്രദ്ധിക്കുന്നതുമായിരിക്കണം. ഭൂമിയിലെ ഗ്രഹത്തിന്റെ പരിസ്ഥിതി പരമായ ആരോഗ്യത്തിന് അത് ആവശ്യമാണ്. മനുഷ്യവംശത്തിന്റെ സാംസ്കാരികവും ധാർമ്മികവുമായ വിഷമസ്ഥിതിയും അത് ആവശ്യപ്പെടുന്നുണ്ട്. ആ വിഷമസ്ഥിതിയുടെ ലക്ഷണങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗത്തും കണ്ടുതുടങ്ങിയിട്ടു കുറേക്കാലമായി. മനുഷ്യവംശത്തിന് അഗാധമായ ഒരു സാംസ്കാരിക നവീകരണം അത്യാവശ്യമാണ്. എല്ലാവർക്കും കൂടുതൽ പ്രകാശമാനമായ ഒരു ഭാവി പടുത്തുയർത്താനുള്ള സുദൃഢമായ ഒരടിസ്ഥാനമായിരിക്കാൻ സഹായിക്കുന്ന മൂല്യങ്ങളെ അതു വീണ്ടും കണ്ടെത്തണം. നമ്മുടെ ഇന്നത്തെ വിഷമസന്ധികൾ - അവ സാമ്പത്തികമോ ഭക്ഷ്യപരമോ പരിസ്ഥിതിപരമോ സാമൂഹികമോ ആയാലും - ആത്യന്തികമായ ധാർമ്മിക വിഷമസന്ധികളുമാണ്. അവയെല്ലാം പരസ്പരം ബന്ധപ്പെട്ടവയുമാണ്. നാം ഒന്നിച്ചു സഞ്ചരിക്കുന്ന

പാതയെക്കുറിച്ചു നമുക്കു വീണ്ടുവിചാരമുണ്ടാകണമെന്ന് അവ ആവശ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ച്. സ്വാഭാവികതയും (sobriety) ഐക്യദാർഢ്യവും (solidarity) ഉള്ള ഒരു ജീവിതശൈലിയുണ്ടാകണമെന്ന് അവ ആവശ്യപ്പെടുന്നു. നമ്മുടെ അനുദിനവ്യാപാരത്തിന്റെ പുതിയ നിയമങ്ങളും രൂപങ്ങളുമുള്ള ജീവിതശൈലിയായിരിക്കണം അത്. യഥാർ ത്ഥത്തിൽ പ്രവർത്തനക്ഷമമായ തന്ത്രങ്ങളിൽ ആത്മവിശ്വാസത്തോടും ധീരതയോടും കൂടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും പരാജയപ്പെട്ടവയെ നിർണായകമായി തള്ളിക്കളയുന്നതുമായിരിക്കണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ ഇന്നത്തെ വിഷമസന്ധി തിരിച്ചറിയലിനും നവീനവും തന്ത്രപരമായ പ്ലാനിംഗിനുള്ള അവസരമായിത്തീരുകയുള്ളൂ.

6. പ്രാപഞ്ചികമായ ഒരർത്ഥത്തിൽ "പ്രകൃതി"യെന്നു നാം വിളിക്കുന്നത്, "സ്നേഹത്തിന്റെയും സത്യത്തിന്റെയും പദ്ധതി"യിൽ ഉദ്ഭവിച്ചതല്ലേ? "ലോകം അനിവാര്യതയുടെ ഉത്പന്നമേ അല്ല. അന്ധമായ വിധിയുടെയോ ആകസ്മികതയുടെയോ ഉത്പന്നമല്ല. ലോകം ദൈവത്തിന്റെ സ്വതന്ത്ര മനസ്സിൽനിന്നു ഉദ്ഭവിച്ചതാണ്. തന്റെ അസ്തിത്വത്തിലും ബുദ്ധിയിലും നന്മയിലും തന്റെ സൃഷ്ടികൾ പങ്കുപറ്റണമെന്ന് ദൈവം നിശ്ചയിച്ചു". ഉത്പത്തിഗ്രന്ഥം അതിന്റെ ആദ്യപേജിൽത്തന്നെ പ്രപഞ്ചത്തെ സംബന്ധിച്ച ബുദ്ധിപൂർവകമായ രൂപരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. അത് ദൈവത്തിന്റെ മനസ്സിൽനിന്നു വരുന്നു. സ്രഷ്ടാവിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീപുരുഷന്മാരിൽ അത് അതിന്റെ പൂർണത കണ്ടെത്തുന്നു. മനുഷ്യരെ സൃഷ്ടിച്ചതാകട്ടെ "ഭൂമിയെ നിറയ്ക്കാനും" "അതിന്റെ മേൽ ആധിപത്യം പുലർത്താനുമാണ്". ദൈവത്തിന്റെ "കാര്യസ്ഥൻമാർ" എന്ന നിലയിലാണ് അങ്ങനെ ചെയ്യേണ്ടത് (cf. ഉത്പ 1:28). സ്രഷ്ടാവും മനുഷ്യവംശവും സൃഷ്ട പ്രപഞ്ചവും തമ്മിൽ ഉണ്ടായിരുന്നതായി വിശുദ്ധ ലിഖിതം വിവരിക്കുന്ന ഐക്യം ആദവും ഹവ്വയും-പുരുഷനും സ്ത്രീയും-ചെയ്ത പാപം മൂലം തകർക്കപ്പെട്ടു. അവർ ദൈവത്തിന്റെ സ്ഥാനംവഹിക്കാൻ ആശിക്കുകയും തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന് അംഗീകരിക്കാതിരിക്കുകയും ചെയ്തു. അതിന്റെ ഫലമായി, ഭൂമി ഉഴുതും കൃഷി ചെയ്തും സംരക്ഷിച്ചും അതിന്റെ മേൽ ആധിപത്യം പ്രയോഗിക്കുന്ന ജോലിയും തകർക്കപ്പെട്ടു. മനുഷ്യവംശത്തിൽത്തന്നെയും മനുഷ്യരും മറ്റു സൃഷ്ടിജാലങ്ങളും തമ്മിലും സംഘട്ടനം ഉദ്ഭവിച്ചു (cf. ഉത്പ. 3:17-19). തങ്ങൾ സ്വാർത്ഥതയാൽ ഭരിക്കപ്പെടാൻ

മനുഷ്യർ സ്വയം അനുവദിച്ചു. അവർ ദൈവകല്പനയുടെ അർത്ഥം തെറ്റിദ്ധരിച്ചു. സൃഷ്ടിയുടെ മേൽ സമ്പൂർണമായ ആധിപത്യം സ്ഥാപിക്കാനുള്ള ആഗ്രഹം മൂലം അതിനെ ചൂഷണം ചെയ്തു. എന്നാൽ, ദൈവത്തിന്റെ ആദിമ കല്പനയുടെ യഥാർത്ഥമായ അർത്ഥം സ്വയം അധികാരം ഏറ്റെടുക്കുകയെന്നതല്ല. അത് ഉത്തര വാദിത്വത്തിലേക്കുള്ള വിളിയായിരുന്നു. ഉത്പത്തിഗ്രന്ഥം ഇക്കാര്യം വ്യക്തമായിക്കാണിക്കുന്നുണ്ട്. "ചിതറിക്കിടക്കുന്ന ഉഛിഷ്ടങ്ങൾ" പോലെ നമ്മുടെ അധീനതയുള്ള ഒന്നല്ല പ്രകൃതിയെന്ന് പുരാതന കാലത്തെ മനുഷ്യരുടെ ജ്ഞാനം തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രകൃതി ദൈവത്തിൽനിന്നുള്ള ദാനമാണെന്നും, അവിടന്ന് അതിൽത്തന്നെ ഒരു ക്രമം സ്ഥാപിച്ചിട്ടുണ്ടെന്നും, അത് "ഉഴുതു കൃഷി ചെയ്യാനും സൂക്ഷിക്കാനും" വേണ്ട തത്ത്വങ്ങൾ ആ ക്രമത്തിൽ നിന്നു മനുഷ്യൻ സ്വീകരിക്കണമെന്നും വേദഗ്രന്ഥത്തിലെ വെളിപാടു നമുക്കു വ്യക്തി മാക്കിത്തരുന്നുണ്ട് (cf. ഉത്പ 2:11). അസ്തിത്വമുള്ളതെല്ലാം ദൈവ ത്തിന്റേതാണ്. ദൈവം അത് മനുഷ്യനെ ഭരമേല്പിച്ചു. തന്നിഷ്ടം പോലെ ഉപയോഗിക്കാനല്ല ഭരമേല്പിച്ചത്. മനുഷ്യൻ ദൈവത്തിന്റെ സഹപ്രവർത്തകനെന്ന നിലയിൽ പ്രവർത്തിക്കാതെ തന്നെത്തന്നെ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുമ്പോൾത്തന്നെ, പ്രകൃതി യിൽ നിന്നുള്ള എതിർപ്പിൽ ചെന്നവസാനിക്കുന്നു. "പ്രകൃതിയാകട്ടെ, അവനാൽ ഭരിക്കപ്പെടുന്നതിലേറെ സ്വേഛാധിപത്യമുള്ളതായിത്തീ രുന്നു". അതുകൊണ്ട് സൃഷ്ടിയുടെമേൽ ഉത്തരവാദിത്വപൂർണമായ കാര്യസ്ഥത പ്രയോഗിക്കുകയെന്ന കടമ മനുഷ്യനുണ്ട്. അതിനെ സംരക്ഷിക്കാനും അതിൽ കൃഷി ചെയ്യാനുമാണത്.

7. ചിലർ അവഗണനകൊണ്ടോ നീരസംകൊണ്ടോ പരിസ്ഥിതി യുടെമേൽ ഉത്തരവാദിത്വപൂർണമായ കാര്യസ്ഥത പ്രയോഗിക്കാതി രിക്കുന്നതുമൂലം നമ്മുടെ ഗ്രഹത്തിന്റെ വിവിധ രാജ്യങ്ങളിലും പ്രദേ ശങ്ങളിലുമുള്ള വലിയ ജനസമൂഹങ്ങൾ പ്രയാസമനുഭവിക്കു ന്നു വെന്നത് തികച്ചും വ്യക്തമാണെന്നു പറയേണ്ടി വരുന്നതിൽ എനിക്കു ഖേദമുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ഒരു കാര്യം ഓർമ്മപ്പെടുത്തിയിട്ടുണ്ട്: "ഭൂമിയും അതിലുള്ള സക ലതും ദൈവം എല്ലാ ജനതകൾക്കും ദേശങ്ങൾക്കുമായി നിയോഗിച്ചിട്ടുള്ളതാണ് "(G.S., 69). സൃഷ്ടപ്രപഞ്ചത്തിലെ സകലവസ്തുക്കളും മനുഷ്യ വംശം മുഴുവനും വേണ്ടിയുള്ളതാണ്. പക്ഷേ, പരിസ്ഥിതി ചൂഷ ണത്തിന്റെ ഇന്നത്തെ ഗതിവേഗം ചില പ്രകൃതി വിഭവ ങ്ങളുടെ ലഭ്യതയെ ഇപ്പോഴത്തെ തലമുറയെ സംബന്ധിച്ചു മാത്ര

മല്ല, ഭാവിതലമുറകളെ സംബന്ധിച്ചും ഗൗരവപൂർണമായ തോതിൽ അപകടപ്പെടുത്തുന്നതാണ്. പരിസ്ഥിതി നശീകരണം മിക്കപ്പോഴും ദീർഘവീക്ഷണത്തോടെയുള്ള ഔദ്യോഗിക നയങ്ങളുടെ അഭാവം മൂലമോ അകലെക്കാഴ്ചയില്ലാത്ത സാമ്പത്തിക താത്പര്യങ്ങൾ മൂലമോ ഉണ്ടാകുന്നതാണെന്നു കാണാൻ പ്രയാസമില്ല. അതെല്ലാം സൃഷ്ടിയെ സംബന്ധിച്ചിടത്തോളം ഗൗരവാവഹമായ ഭീഷണിയായിത്തീരും. ഈ പ്രതിഭാസത്തിനെതിരേ പടപൊരുതാൻ സാമ്പത്തിക പ്രവർത്തനം ഒരു വസ്തുത പരിഗണിക്കണം. "ഓരോ സാമ്പത്തിക പ്രവർത്തനത്തിനും ഒരു ധാർമ്മികാനന്തരഫലമുണ്ട്" എന്നതാണ് ആ വസ്തുത. അങ്ങനെ പരിസ്ഥിതിയോട് വർദ്ധമാനമായ ആദരം കാണിക്കുകയുംവേണം. നമ്മൾ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ, അവയുടെ സംരക്ഷണത്തിൽ താത്പരരാ കണം. പരിസ്ഥിതിപരവും സാമൂഹികവുമായ അതിന്റെ ചെലവ്- ആകെയുള്ള ചെലവിന്റെ അടിസ്ഥാനഭാഗമെന്ന നിലയിൽ- പരിഗണിക്കുകയും വേണം. പരിസ്ഥിതിയുടെ ദുരുപയോഗം കാര്യക്ഷമമായി തടയാൻ ശരിയായ സൂചനകൾ നല്കുകയെന്നത് അന്താരാഷ്ട്രസമൂഹത്തിന്റെയും ദേശീയ ഗവർമെന്റുകളുടെയും ഉത്തരവാദിത്വത്തിൽപെട്ട കാര്യമാണ്. പരിസ്ഥിതി സംരക്ഷിക്കാനും പ്രകൃതിവിഭവങ്ങളും കാലാവസ്ഥയും സംരക്ഷിക്കാനും സുനിശ്ചിതവും സുവ്യക്തവുമായ നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുകയെന്നത് അത്യാവശ്യമാണ്. നൈയാമികവും സാമ്പത്തികവുമായ ഒരു നിലപാടിൽ നിന്നു പ്രവർത്തിക്കുകയും വേണം. നമ്മുടെ ലോകത്തിൽ കൂടുതൽ ദാരിദ്ര്യമുള്ള പ്രദേശങ്ങളിൽ ജീവിക്കുന്നവരോടും വരുംതലമുറകളോടും നമുക്കുണ്ടായിരിക്കേണ്ട ഐക്യദാർഢ്യവും നാം പരിഗണിക്കണം.

8. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തെ സംബന്ധിച്ച് കൂടുതൽ ബോധമുണ്ടാകുക അടിയന്തിരമായ ആവശ്യമാണ്. പരിസ്ഥിതിപരമായ പൊതുവിഭവങ്ങൾ നമ്മൾ ഉപയോഗിക്കുന്നതിന്റെ ചെലവ് ഭാവിതലമുറകളുടെമേൽ കെട്ടിവയ്ക്കാൻ പാടില്ല. "നമ്മൾ കഴിഞ്ഞ തലമുറകളിൽ നിന്ന് പൈതൃകമായി സ്വീകരിച്ചു. നമ്മുടെ സമകാലീനരുടെ അധ്വാനത്തിൽ നിന്ന് നാം ഉപകാരം നേടി; ഇക്കാരണത്താൽ നാം എല്ലാവരോടും കടപ്പെട്ടിരിക്കുന്നു. മനുഷ്യകുടുംബത്തെ വിപുലീകരിക്കാൻ വേണ്ടി നമ്മുടെ പിന്നാലെ വരുന്നവരോടുള്ള താത്പര്യം നമുക്കു നിഷേധിക്കാനാവുകയില്ല. സാർവത്രിക ഐക്യദാർഢ്യം ഒരു ഉപകാരവും കടമയുമാണ്. അത് ഇന്നത്തെ

തലമുറകൾക്ക് വരുംതലമുറകളോടുള്ള ഒരു ഉത്തരവാദിത്വമാണ്. വ്യക്തിഗത രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്രസമൂഹത്തിനുമുള്ള ഒരു ഉത്തരവാദിത്വമാണത്". പെട്ടെന്നുള്ള പ്രയോജനങ്ങൾ വർത്തമാന കാലത്തെയും ഭാവിയിലെയും, മനുഷ്യരും അല്ലാത്തവരുമായ ജീവ ജാലങ്ങളുടെയും മേൽ നിഷേധാത്മകഫലം ഉളവാക്കാത്തവയായി രിക്കണം. അത്തരത്തിൽ വേണം പ്രകൃതിവിഭവങ്ങൾ ഉപയോഗി ക്കാൻ. സ്വകാര്യസ്വത്തിന്റെ സംരക്ഷണം വസ്തുവകകളുടെ സാർവ ത്രിക ലക്ഷ്യവുമായി സംഘർഷമുണ്ടാകാത്തവിധത്തിലായിരിക്ക ണം. ഇപ്പോഴത്തെയും ഭാവിയിലെയും ജനങ്ങളുടെ ഉപകാരത്തിനാ യി, ഭൂമിയുടെ ഫലപുഷ്ടി മാനുഷികപ്രവർത്തനംവഴി നശിപ്പിക്കാൻ ഇടവരരുത്. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തെക്കുറിച്ച് കൂടുതൽ സത്യസന്ധമായ ബോധമുണ്ടാകണം. അതിനും പുറമേ തലമുറകൾക്കുള്ളിൽതന്നെ നവീകൃതമായ ദൃഢൈക്യബോധമുണ്ടാ കണം. അത് അടിയന്തരസ്വഭാവമുള്ള ഒരു ധാർമ്മികാവശ്യമാണ്. പ്രത്യേകിച്ച്, വികസ്വരരാഷ്ട്രങ്ങളും ഉയർന്നതോതിലുള്ള വ്യവസാ യവത്കൃത രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ അതുണ്ടായി രിക്കണം. "നവീകരിക്കാനാവാത്ത പ്രകൃതിവിഭവങ്ങളുടെ ചൂഷണം നിയന്ത്രിക്കാൻ സ്ഥാപനപരമായ മാർഗങ്ങൾ കണ്ടെത്തുകയെന്നത് അന്താരാഷ്ട്രസമൂഹത്തിന്റെ അടിയന്തരസ്വഭാവമുള്ള കടമയാണ്. ഭാവിക്കുവേണ്ടിയുള്ള പദ്ധതി രൂപപ്പെടുത്താനാണത്. പ്രസ്തുത പ്രക്രിയയിൽ ദരിദ്രരാഷ്ട്രങ്ങളെ ഉൾപ്പെടുത്തുകയും വേണം". സ്ഥല കാലങ്ങളെ (time and space) ആശ്ലേഷിക്കുന്ന ഒരു ഐക്യദാർഢ്യം അടിയന്തിര സ്വഭാവമുള്ളതാണെന്ന് പരിസ്ഥിതിപരമായ വിഷമ സന്ധി കാണിക്കുന്നു. പരിസ്ഥിതിപരമായ ഇന്നത്തെ വിഷമസന്ധി യുടെ കാരണങ്ങളിൽ വ്യവസായവത്കൃത രാഷ്ട്രങ്ങളുടെ ചരിത്ര പരമായ ഉത്തരവാദിത്വം ഉൾക്കൊള്ളുന്നുവെന്ന് അംഗീകരിക്കുക സുപ്രധാനമാണ്. എന്നാലും കുറച്ചുമാത്രം വികസിച്ച രാജ്യങ്ങൾക്ക് – പ്രത്യേകിച്ച് വികസ്വരരാഷ്ട്രങ്ങൾക്ക് – സൃഷ്ടിയെ സംബന്ധിച്ച അവരുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിവാകാനാവുകയില്ല. എന്തെ ന്നാൽ, പരിസ്ഥിതിപരമായ കാര്യക്ഷമമായ നടപടികളും പോളിസി കളും ക്രമേണ സ്വീകരിക്കുകയെന്നത് എല്ലാവരുടെയും കടമയാ ണ്. സാമ്പത്തികസഹായം (aid) നല്കുന്നതിലും അറിവും കൂടു തൽ വ്യക്തതയുള്ള സാങ്കേതികവിദ്യകളും പങ്കുവയ്ക്കുന്നതിലും സ്വാർത്ഥതാത്പര്യം കുറഞ്ഞിരുന്നാൽ ഇക്കാര്യം കൂടുതൽ എളു പ്പത്തിൽ സാധിക്കും.

(തുടരും...)

**ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ**

Birth Days

January 1
Rev. Fr. George Kandamkulathy

January 2
Rev. Fr. Seemon Kanjithara

January 6
Rev. Fr. Antony Parambeth

January 12
Rev. Fr. Shaju Chirayath
Rev. Fr. Jiji Kunnel

January 16
Rev. Msgr. Vincent Alappatt
Rev. Fr. Binoy Kozhipatt

January 19
Rev. Fr. Varghese Palathingal

January 20
Rev. Fr. Davis Chenginiyadan

January 22
Rev. Fr. Antony Pullokaran

January 23
Rev.Fr. Luxy Kadampattuparambil
Rev. Fr. Liju Paul Parambath
Rev. Fr. Jinu Vennattuparambil

January 26
Rev. Fr. Roy Panikulangara

January 30
Rev. Fr. Wilson Eluvathingal Koonan
Rev. Fr. Lijo Kongoth

**Feast Days : January 20**

Rev. Fr. Benny Arimpully
Rev. Fr. Binoy Kozhipatt
Rev. Fr. Davis Ambooken
Rev. Fr. Davis Chenginiyadan
Rev. Fr. Davis Kalapurackal
Rev. Fr. Davis Kallingal
Rev. Fr. Davis Kizhakkumthala
Rev. Fr. Davis Koottala
Rev. Fr. Davis Kudiyirickal
Rev. Fr. Davis Malieckal
Rev. Fr. Davis Pynadath
Rev. Fr. Davis Thattil
Rev. Fr. Denson Nereparambil
Rev. Fr. Jijo Thundathil
Rev. Fr. Jobby Pozholiparambil
Rev. Fr. Joseph Cheruvathur
Rev. Fr. Joy Kadambatt
Rev.Fr. Luxy Kadambattuparambil
Rev. Fr. Sebastian Aricatt
Rev. Fr. Sebastian Ezhekadan
Rev. Fr. Sebastian Malieckal
Rev. Fr. Sebastian Panjikaran
Rev. Fr. Sebastian Valiyaveettil
Rev. Fr. Sebastian Vazhappilly
Rev. Fr. Seby Kanjilassery
Rev. Fr. Seby Kolangara
Rev. Fr. Seby Nadavaramban

January 26.
Rev. Fr. Titus Kattuparambil

**ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!**

# കേരളത്തിലെ കത്തോലിക്കാസഭയിൽ വിവാഹാർശീർവാദത്തെയും വിവാഹാഘോഷത്തെയും സംബന്ധിച്ച നടപടികളിൽ ഐക്യമുണ്ടാകാൻ കെ.സി.ബി.സി. നല്കുന്ന നിർദ്ദേശങ്ങൾ

**1) അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം**

1.1. ആറു മാസത്തിലേറെക്കാലം ഇടവകയ്ക്ക് വെളിയിൽ താമസ ിക്കുന്നവർ അക്കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം (Free State Certificate) അവർ താമസിച്ച സ്ഥലത്തെ വികാരിയിൽ നിന്ന് വാങ്ങിച്ച് ഹാജരാക്കണം. 1.2. താമസിച്ച സ്ഥലത്ത് വൈദികരില്ലെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടെ സാക്ഷ്യപത്രം മതിയാകും.

**2) വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

2.1. നമ്മുടെ ഏതെങ്കിലും രൂപതയോ വിവാഹാർത്ഥി അംഗമായിട്ടുള്ളതും കത്തോലിക്കാസഭയുമായി ധാരണയിലുള്ളതുമായ സഭകൾ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ നടത്തുന്ന വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ പങ്കെടുത്ത് വിവാഹത്തിനൊരുങ്ങിയിട്ടുണ്ടെന്ന സാക്ഷ്യപത്രം വിവാഹാർത്ഥികൾ ഹാജരാക്കേണ്ടതാണ്. 2.2. കേരളത്തിനു പുറത്തും വിദേശത്തും നടത്തുന്ന വിവാഹകോഴ്സുകളിൽ കെ.സി.ബി.സി. അംഗീകരിച്ച സിലബസ് ഇല്ലാത്തവയും കോഴ്സ് ദിവസങ്ങൾ കുറവായവയുമായ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാൻ പാടുള്ളതല്ല.

**3) വിവാഹവാഗ്ദാനം**

3.1. നമ്മുടെ സഭയിലെ ഒരു പ്രാചീന പതിവെന്ന നിലയിൽ വിവാഹവാഗ്ദാനച്ചടങ്ങ് പ്രോത്സാഹിപ്പിക്കപ്പെടണം. 3.2. വിവാഹാർത്ഥികൾക്ക് പരസ്പരം പരിചയപ്പെടാനും മനസ്സിലാക്കാനും വിവാഹവാഗ്ദാനം അവസരം നല്കുന്നുണ്ട്. 3.3. വിവാഹവാഗ്ദാനം പല കുടുംബങ്ങൾക്കും സാമ്പത്തികഭാരമായി തീരുന്നതുകൊണ്ട് കഴിയുന്നതും ലളിതമായി വിവാഹവാഗ്ദാനം നടത്തേണ്ടതാണ്. 3.4. സ്വയാധികാര സഭകളുടെ (Sui iuris Churches) നിയമങ്ങൾക്കനുസൃതമായി പ്രത്യേക സാഹചര്യങ്ങളിൽ വിവാഹവാഗ്ദാനം കൂടാതെ വിവാഹം നടത്താൻ അനുവദിക്കാവുന്നതാണ്.

**4) വിളിച്ചുചൊല്ലൽ**

4.1. നമ്മുടെ സഭയിൽ വിവാഹകാര്യം പരസ്യപ്പെടുത്താനുള്ള പരമ്പരാഗത മാർഗമാണ് വിളിച്ചുചൊല്ലൽ. ഇത് വിവാഹ വാഗ്ദാനത്തോട് സാരാംശപരമായി ബന്ധപ്പെട്ട കാര്യമല്ല. 4.2. വിവാഹം കഴിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യാനും വിവാഹ നടത്തിപ്പിൽ അപാകതയുണ്ടെങ്കിൽ അവ സഭാധികാരികളുടെ ശ്രദ്ധയിൽ പെടുത്താനുമാണ് വിവാഹം വിളിച്ച്ചൊല്ലുന്നത്. 4.3. അതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലൽ ഉറപ്പാക്കുന്നതിനുവേണ്ടി വിവാഹവാഗ്ദാനത്തിനു മുൻപേ വിളിച്ചുചൊല്ലൽ തുടങ്ങാവുന്നതാണ്. 4.4. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്തുന്നതിന് വിവാഹാർത്ഥികൾ ഇരുവരും അവരിൽ ഒരാളുടെ ഫൊറോനാ വികാരിക്ക് അവരുടെ മാതാപിതാക്കളുടെയും വികാരിയുടെയും ശിപാർശയോടെ രേഖാമൂലം അപേക്ഷിക്കണം. 4.5. ഫൊറോനാ വികാരിയാണ് വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താൻ അനുവാദം നല്കേണ്ടത്. 4.6. ഫൊറോന വികാരി നല്കുന്ന തീരുമാനത്തിന്റെ പകർപ്പ് വധുവിന്റെയും വരന്റെയും വികാരിമാർക്ക് നല്കേണ്ടതും കക്ഷികളിൽ ഒരാളുടെ ഫൊറോന വികാരി കൈക്കൊള്ളുന്ന തീരുമാനം ആദരിക്കപ്പെടേണ്ടതുമാണ്. 4.7. വിവാഹവാഗ്ദാനത്തിന്മുമ്പ് വിവാഹം വിളിച്ചു ചൊല്ലാൻ അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് ഒരാഴ്ചമുമ്പെങ്കിലും വിവാഹവാഗ്ദാനം നടത്തിയിരിക്കണം. 4.8. വിവാഹം വിളിച്ചുചൊല്ലുന്ന അന്നു തന്നെ വിവാഹം ആശീർവദിക്കപ്പെടാൻ പാടുള്ളതല്ല. 4.9. വിവാഹം ഇടവകയിൽ വിളിച്ചുചൊല്ലുമ്പോൾ വിവാഹാർത്ഥികൾക്കായി പ്രാർത്ഥിക്കാൻ ഇടവകാംഗങ്ങളോട് അഭ്യർത്ഥിക്കണം.

**5) വിളിച്ചുചൊല്ലൽ കുറവു ചെയ്യൽ**

5.1. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താമെന്നതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലലിന്റെ സംഖ്യ കുറയ്ക്കാൻ ഇടവരരുത്. 5.2. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ, ഓരോ രൂപതയിലെയും നിലനിൽക്കുന്ന നിയമമനുസരിച്ച്, ഫൊറോനാ വികാരിക്കോ വികാരിക്കോ ഒരു വിളിച്ചുചൊല്ലൽ കുറയ്ക്കാവുന്നതാണ്. 5.3. ഒരു വിളിച്ചുചൊല്ലൽ മാത്രം നടത്തി വിവാഹം ആശീർവദിക്കുന്നത് പ്രത്യേക സാഹചര്യത്തിൽ രൂപതാ കാര്യാലയം വഴിയേ പാടുള്ളൂ. 5.4. അതിലേയ്ക്കായി

അതാതുരൂപതകൾ നിശ്ചയിച്ചിരിക്കുന്ന കീഴ്‌വഴക്കങ്ങൾ പാലിക്കുകയും വേണം.

**6) ഞായറാഴ്ചകളിലെ വിവാഹാശീർവാദം**

6.1. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കപ്പെടണം. മതബോധനക്ലാസ്സുകൾക്ക് പ്രത്യേക പ്രാധാന്യം നൽകണം. 6.2. ഞായറാഴ്ചകളിലെ വിവാഹ ആശീർവാദം വിശ്വാസ പരിശീലനത്തിന് തടസ്സം സൃഷ്ടിക്കാത്ത വിധത്തിലായിരിക്കണം. 6.3. ഞായറാഴ്ചയുള്ള വിവാഹ ആശീർവാദം, വിവാഹം നടക്കുന്ന കുടുംബത്തിലെയും അവരുടെ അടുത്ത ബന്ധുക്കളായ കുട്ടികളുടെയും വിശ്വാസ പരിശീലനത്തിന് തടസ്സമാകാൻ സാധ്യതയുള്ളതുകൊണ്ട് ഞായറാഴ്ചയുള്ള വിവാഹ ആശീർവാദം കഴിയുന്നതും പ്രോത്സാഹിപ്പിക്കരുത്.

**7) ആഗമനകാലത്തെ വിവാഹാശീർവാദം**

7.1. ആഗമനകാലത്തിന്റെ ചൈതന്യം സൂക്ഷിച്ചുകൊണ്ട് വ്യക്തിഗതസഭകളുടെ നിയമങ്ങൾക്കനുസൃതമായി വിവാഹം ആശീർവദിക്കാം. 7.2. ആഗമനകാലത്തെ വിവാഹ ആശീർവാദത്തിന് സ്വയാധികാര സഭകളുടെ നിയമങ്ങൾ പാലിക്കപ്പെടണം.

**8) വലിയ നോമ്പുകാലത്തെ വിവാഹാശീർവാദം**

8.1. വലിയ നോമ്പുകാലത്ത് വിവാഹാശീർവാദം നടത്താതിരിക്കുന്നതാണ് ഉത്തമം. 8.2. അത്യാവശ്യസാഹചര്യങ്ങളിൽ വിവാഹാശീർവാദത്തിന് അനുവാദം നല്കാൻ രൂപതാ കാര്യാലയത്തിന് അധികാരമുണ്ടായിരിക്കും. 8.3. ഓരോ സ്വയാധികാര സഭയുടെയും നിയമങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ടായിരിക്കണം വലിയ നോയമ്പുകാലത്തെ വിവാഹ ആശീർവാദം നടത്തേണ്ടത്.

**9) ആചാരങ്ങളുടെ വ്യത്യസ്തത**

9.1. വിവാഹാർത്ഥിയുടെയും വിവാഹാർത്ഥിനിയുടെയും രൂപതകളിൽ വ്യത്യസ്ത ആചാരങ്ങളാണുള്ളതെങ്കിൽ, വിവാഹം ആശീർവദിക്കപ്പെടുന്ന രൂപതയുടെ ആചാരങ്ങൾക്ക് മുൻഗണനന നല്കണം.

**10) വിവാഹ ആശീർവാദത്തിലെ ലാളിത്യം**

10.1. വിവാഹത്തോടനുബന്ധിച്ച് വൻതോതിലുള്ള ആഡംബരവും ധൂർത്തും, മദ്യപാനം പോലും, ഉണ്ടാകുന്നത് ക്രിസ്തീയ വിശ്വാസത്തിനു ചേർന്നതല്ല. 10.2. വിവാഹാഘോഷത്തിൽ മിതത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. ഇതിലേയ്ക്കായി

ജനങ്ങളെ ബോധവത്കരിക്കണം. 10.3. കടം വാങ്ങിച്ചുപോലും വിവാഹം ആഘോഷിച്ച് പാപ്പരാകുന്നവർ സമൂഹത്തിൽ കൂടി വരുന്നു. വിവാഹം ആഘോഷമാക്കി മാറ്റുന്നത് ധാർമ്മികമായി തെറ്റാണ്. 10.4. സമ്പന്നർ തങ്ങളുടെ വിവാഹാവസരത്തിൽ വിവാഹം കഴിക്കാൻ സാമ്പത്തിക പരാധീനതയുള്ളവർക്ക് സഹായം ചെയ്യാൻ തയ്യാറാകണം. 10.5. സ്ത്രീധനം വാങ്ങിക്കുന്നതും കൊടുക്കുന്നതും ഭാരതത്തിലെ നിയമപ്രകാരം ശിക്ഷാർഹമാണ്. ഇതേക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കണം. 10.6. മനസ്സമ്മതം വിവാഹം പോലെ വൻതോതിൽ ആഘോഷിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

**11) വിവാഹരജിസ്ട്രേഷൻ**

11.1. വിവാഹം നടന്നു കഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹരേഖകൾ വികാരിയച്ചനിൽ നിന്ന് വാങ്ങി സർക്കാർ നിയമാനുസൃതമായ രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

**12) വിവാഹനിർദ്ദേശങ്ങളിൽ തീർപ്പുകൽപ്പിക്കൽ**

12.1. ഓരോ സ്വയാധികാര സഭയിലെയും നിയമങ്ങളും ചട്ടങ്ങളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ആദരിക്കപ്പെടേണ്ടതാണ്. 11.2. പ്രത്യേക സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ രൂപതാ കാര്യാലയങ്ങൾക്ക് പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും.

കേരള കത്തോലിക്കാ മെത്രാൻസമിതിക്കുവേണ്ടി
**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

---

# സഭാവാർത്തകൾ

1 **രോഗികളെ ശുശ്രൂഷിക്കുന്നവർ ക്രിസ്തുവിന്റെ അനുകമ്പയുടെ ഉപകരണങ്ങളാണ്:** 2010ലെ രോഗീദിന സന്ദേശത്തിൽ മാർപ്പാപ്പ ഉദ്ബോധിപ്പിച്ചതാണ് ഇക്കാര്യം. നല്ല സമറിയാക്കാരന്റെ ഉപമ അനുദിനം ഓരോ ക്രൈസ്തവനും പുനർജീവിപ്പിക്കണമെന്ന് സന്ദേശത്തിൽ തുടർന്നു പറയുന്നു. ഫെബ്രുവരി 11 ന് ലൂർദ്ദ് മാതാവിന്റെ തിരുനാൾദിനമാണ് ക്രൈസ്തവസഭ രോഗീദിനമായി ആചരിക്കുന്നത്.

2 **ലോകപ്രവാസിദിനം:** ലോക പ്രവാസിദിനമായി കത്തോലിക്കാ സഭ ആഘോഷിക്കുന്നത് ജനുവരി17-നാണ്. 2010 ലോക പ്രവാസിദിനത്തിന്റെ പ്രമേയം പ്രവാസികളായ കുട്ടികളുടെ വിദ്യാഭ്യാസവും സാമൂഹികമായ പുനരധിവാസവും എന്നതാണ്.

3 **ദൈവശാസ്ത്ര പഠനം പ്രാർത്ഥനയിലൂടെയും ദൈവൈക്യത്തിലൂടെയും നടത്തണം:** റോമിലെ വിവിധ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും അധ്യാപകരേയും അഭിസംബോധന ചെയ്ത് നവംബർ 19ന് മാർപ്പാപ്പ പറഞ്ഞതാണ് ഈ സന്ദേശം. പ്രാർത്ഥനയും ദൈവശാസ്ത്ര പഠനവും ഒരിക്കലും വേർപെടുത്താനാവില്ല. ദൈവക്യം, പ്രാർത്ഥന, ദൈവശാസ്ത്രപഠനം എന്നിവ പരസ്പരം ബന്ധിതമാണ്.

4 **ഉത്തേജകഔഷധങ്ങൾ ഉപേക്ഷിക്കണമെന്ന് കായിക താരങ്ങളോട് മാർപ്പാപ്പ:** യുവജനങ്ങൾക്ക് ആവശ്യമായ സമഗ്രവിദ്യാഭ്യാസം നല്കുന്നതിൽ സ്പോർട്സ് സുപ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് അല്മായ കാര്യാലയത്തിലെ സ്പോർട്സ് വിഭാഗം സംഘടിപ്പിച്ച ഒരു സെമിനാറിന് നൽകിയ സ്പോർട്സ് സന്ദേശത്തിൽ മാർപ്പാപ്പ പറഞ്ഞു. ആരോഗ്യത്തെ ഹനിക്കുന്ന ഉത്തേജക ഔഷധങ്ങൾ ഉപേക്ഷിക്കണമെന്ന് തുടർന്ന് നിർദ്ദേശിച്ചു.

5 **അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ് 2012-ൽ ഐർലണ്ടിൽ:** 50-ാം അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ് 2012 ജൂൺ 10 മുതൽ 17 വരെ ഐർലണ്ടിലെ ഡബ്ളിനിൽവച്ച് നടത്തും. "വി. ബലി ക്രിസ്തുവിനോടും സഹോദരങ്ങളോടുമുള്ള ഐക്യത്തിന്റെ പ്രതീകം" എന്നതാണ് ഈ ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം

6 **മാർപ്പാപ്പമാരായ ജോൺ പോൾ രണ്ടാമനേയും പന്ത്രണ്ടാം പിയൂസിനേയും ധന്യരായി പ്രഖ്യാപിച്ചു:** മാർപ്പാപ്പമാരായ ജോൺപോൾരണ്ടാമനേയും പന്ത്രണ്ടാം പിയൂസിനേയും ധന്യരായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രിയിൽ മാർപ്പാപ്പ ഡിസംബർ 19ന് ഒപ്പുവച്ചു. ഇരുവരേയും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരുക്കമായിട്ടാണ് ധന്യരായി പ്രഖ്യാപിക്കുന്നത്.

7 **ആർച്ച് ബിഷപ്പ് കഥിന്താന കാനഡയിലെ നുൺഷ്യോ:** ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിയായിരുന്ന ആർച്ച് ബിഷപ്പ് പേദ്രോ ലോപസ് കഥിന്താനയെ കാനഡയിൽ വത്തിക്കാൻ സ്ഥാനപതിയായി മാർപ്പാപ്പ നിയമിച്ചു.

8 **അഖിലേന്ത്യാ വൈദികസമ്മേളനം വേളാങ്കണ്ണിയിൽ 2010 ഫെബ്രുവരി 9-11 വരെ:** വൈദികരുടെ നവീകരണവും യേശുവിലും അവിടുത്തെ ശുശ്രൂഷയിലുമുള്ള പ്രതിബദ്ധതയും ലക്ഷ്യംവച്ചുകൊണ്ട് വേളാങ്കണ്ണിയിൽ വൈദികവർഷാചരണത്തിന്റെ ഭാഗമായിട്ടാണ് ഈ സമ്മേളനം സംഘടിപ്പിക്കുന്നത്.

9 **സീറോമലബാർ റിസർച്ച് സെന്റർ പുരസ്ക്കാരം :** ചരിത്രകാരനും കലാ-സാംസ്കാരിക ഗവേഷണ രംഗത്തെ പ്രമുഖനുമായ ഷെവലിയർ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് സീറോമലബാർ റിസർച്ച് സെന്ററിന്റെ പ്രഥമ പുരസ്ക്കാരം നൽകുന്നു. 25000 രൂപയും കീർത്തിപത്രവും ഫലകവുമടങ്ങിയതാണ് അവാർഡ്.

10 **വത്തിക്കാൻ ബസ്ലിക്കയിൽ അലങ്കരിക്കുവാനുള്ള ക്രിസ്മസ് ട്രീ ഈ വർഷം ബൽജിയത്തിൽനിന്ന്:** ഡിസംബർ 18 ന് രാവിലെ മാർപ്പാപ്പ ബെൽജിയത്തിൽനിന്നും വന്ന പ്രതിനിധികളെ സ്വീകരിക്കുകയും അവരിൽനിന്ന് ക്രിസ്മസ്ട്രീ ഏറ്റുവാങ്ങുകയും ചെയ്തു. 30 മീറ്റർ ഉയരമുള്ള ഈ ക്രിസ്മസ്ട്രീക്ക് 14 ടൺ തൂക്കമുണ്ട്. ആട്ടിടയൻമാർ അന്ധകാരം നിറഞ്ഞ രാത്രിയിൽ മാലാഖമാരുടെ സന്ദേശത്താൽ പ്രകാശിതരായതു പോലെ ക്രിസ്മസ്ട്രീയും അതിലുള്ള വിളക്കു കളും ഉണ്ണിയേശു വിന്റെ ജനനത്തെ പ്രഘോഷിക്കുകയാണെന്ന് മാർപ്പാപ്പ ക്രിസ്മസ്ട്രീയെക്കുറിച്ച് പറഞ്ഞു.

11 **മതങ്ങൾ സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള വേദികളാകണം:** വിവിധ രാജ്യങ്ങളിൽനിന്നുള്ള രാജ്യതന്ത്ര പ്രതിനിധികൾക്ക് ഈയിടെ സ്വീകരണം നൽകിയ ചടങ്ങിൽ മാർപ്പാപ്പ നൽകിയ ആഹ്വാനമാണിത്.

12 **ലോകസമാധാന സന്ദേശം-സമാധാനം സ്ഥാപിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടജാലങ്ങളെ സംരക്ഷിക്കുക:** സാർവത്രിക കത്തോലിക്കാസഭ ജനുവരി 1ന് ലോക സമാധാന ദിന മായി ആഘോഷിക്കുകയാണ്. ഇന്ത്യയിൽ ജനുവരി 30നാണ് ആഘോഷിക്കുന്നത്. ഇത്തരുണത്തിൽ പ്രകൃതിയെ സംരക്ഷിക്കുവാനുള്ള സന്ദേശമാണ് മാർപ്പാപ്പ നല്കുന്നത്.

**ഡോ. പോളി കണ്ണൂക്കാടൻ**
മൗണ്ട് സെ. തോമസ്, കാക്കനാട്

# മതബോധനം



**1. മതബോധന വാർഷിക പരീക്ഷ:**

X,XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷ ഫെബ്രുവരി 7, ഞായർ 2 p.m.മുതൽ-4p.m. വരെയും മറ്റു ക്ലാസ്സുകളിലെ പരീക്ഷകൾ താഴെ പറയുന്ന ക്രമത്തിലുമായിരിക്കും.

| ക്ലാസ്സ് | തിയ്യതി | സമയം |
|---|---|---|
| VI-IX | ഫെബ്രുവരി 14 | 2-4 p.m. |
| I-V | ഫെബ്രുവരി 21 | 2-4 p.m. |

**X,XI, XII ക്ലാസ്സുകളുടെ മാർക്ക് വിഭജനം:**

പാഠപുസ്തകം 75%, ഉപപാഠപുസ്തകങ്ങൾ, നമസ്കാരം, പാഠ്യേതര വിഷയങ്ങൾ 25%, V-IX പാഠപുസ്തകങ്ങൾ 1st term 20%, 2nd term 50%, ഉപപാഠപുസ്തകങ്ങൾ,(1st & 2nd term), നമസ്കാരം, പാഠ്യേതര വിഷയങ്ങൾ 20%, Internal Assessment 10%

**I-V ക്ലാസ്സുകളുടെ മാർക്ക് വിഭജനം:** പാഠപുസ്തകങ്ങൾ 1st term 20%, 2nd term 65%, പാഠ്യേതര വിഷയങ്ങൾ 5%, Internal Assessment 10%. മതബോധന ക്ലാസ്സുകളിൽ പ്രമോഷൻ കൊടുക്കുന്നതിന് രണ്ട് പരീക്ഷയ്ക്കും കൂടി മാർക്ക് 35% ലഭിച്ചിരിക്കുകയും 80% ഹാജർ ഉണ്ടായിരിക്കുകയും വേണം.

**2. പ്രധാന അദ്ധ്യാപക സമ്മേളനം:**

ഫെബ്രുവരി 6 ശനിയാഴ്ച വിദ്യാജ്യോതിയിൽ 10 a.m.-2 p.m.സൺഡേ സ്കൂൾ മതബോധന വാർഷിക പരീക്ഷ ചോദ്യപേപ്പർ പ്രധാനാദ്ധ്യാപകർക്ക് കൺവെൻഷൻ ദിനത്തിൽ, മതബോധന കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നതാണ്. എല്ലാ പ്രധാനാദ്ധ്യാപകരും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. X, XII ക്ലാസ്സുകളിലെ **സർട്ടിഫിക്കറ്റിന്** 15 രൂപ വീതം അടയ്ക്കാത്തവർ വേഗം അടയ്ക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**3. പ്രൈവറ്റ് രജിസ്ട്രേഷൻ:**

10, 12 ക്ലാസ്സുകൾ ജനുവരി 26-ാം തിയ്യതി ശനിയാഴ്ച വിദ്യാജ്യോതിയിൽ

**4. വിദ്യാജ്യോതി അവധി:**

ജനുവരി 26-ാം തിയ്യതി ശനിയാഴ്ച ഇന്ത്യൻ റിപ്പബ്ളിക് ദിനമായതിനാൽ വിദ്യാജ്യോതി അവധിയായിരിക്കും.

## II. DAILY CATECHISM & MORAL SCIENCE

**1. സ്കൂൾ മത-സന്മാർഗ്ഗ ബോധന വാർഷിക പരീക്ഷ:**

X, XI,XII- ക്ലാസ്സുകാർക്ക് ജനുവരി 5-ാം തിയ്യതിയും I - IX ക്ലാസ്സുകാർക്ക് ജനുവരി 12-ാം തിയ്യതിയുമാണ് പരീക്ഷ. ജനുവരി 2-ന് ചോദ്യപേപ്പറുകൾ സ്ക്കൂളിലേക്ക് കൊണ്ടുപോകാവുന്നതാണ്. എല്ലാപരീക്ഷക്കുശേഷം എല്ലാ ഡിവിഷനിലേയും കൂടുതൽ മാർക്കു കിട്ടിയ 2 പേപ്പറുകൾ വീതം വിദ്യാജ്യോതിയിൽ ഏല്പിക്കേണ്ടതാണ്.

**2. പുതുവത്സരാശംസകൾ:**

ഐശ്വര്യസമൃദ്ധിയുടെ നവവത്സരം ഏവർക്കും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

**1. സമ്മാനദാനം:**

ലോഗോസ് ക്വിസ് 2009-ന്റെ സമ്മാനദാനം അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 2009 ഡിസംബർ 19 ശനിയാഴ്ച 2.30-ന് ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ വച്ച് നിർവഹിച്ചു.

**2. ലോഗോസ് ക്വിസ് 2010 വിഷയം:**

പുറപ്പാട് 1-15, മത്തായി 1-14, യാക്കോബ് എഴുതിയ ലേഖനം.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

### പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാ കാര്യാലയത്തിലെ പ്രവൃത്തിസമയം കാലത്ത് 9.00 മുതൽ ഉച്ചക്ക് 12.00 മണി വരെയാണെന്ന് പ്രത്യകം അറിയിക്കുന്നു. ബഹു. വികാരിയച്ചന്മാർ കച്ചേരിയുടെ പ്രവർത്തന സമയം ജനങ്ങളെ കൃത്യമായി അറിയിക്കുക

- ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

**2009 ഡിസംബർ 12-ാം തിയ്യതി ശനിയാഴ്ച രൂപതഭവനത്തിൽ നടന്ന 11-ാം പാസ്റ്ററൽ കൗൺസിലിന്റെ റിപ്പോർട്ട്.**

രാവിലെ 10മണിക്ക് ഹോളിഫാമിലി സമൂഹാംഗങ്ങളായ സി. ലിസിയുടെയും, സി. വിനയയുടെയും നേതൃത്വത്തിലുള്ള പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡണ്ട് മോൺ. ജോസ് കാവുങ്കൽ അഭിവന്ദ്യ പിതാവിനും പാനൽ ചർച്ചയിൽ വിഷയം അവതരിപ്പിക്കാനെത്തിയ വിശിഷ്ട വ്യക്തികൾക്കും മറ്റുള്ളവർക്കും സ്വാഗതം ആശംസിച്ചു.

സ്ത്രീ പ്രാതിനിധ്യം, സ്ത്രീശാക്തീകരണം എന്നീ ചിന്തകളും ചർച്ചകളും ആശയതലത്തിലും പ്ളാനിങ്ങ് തലത്തിലും മാത്രം നിലകൊള്ളാതെ ആത്മാർത്ഥതയോടെ പ്രയോഗതലത്തിലെത്തിക്കണം എന്ന് അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ ആഹ്വാനം ചെയ്തു. ക്രൈസ്തവ വനിതകൾ രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളുടെ മുഖ്യധാരയിലേക്ക് കടന്നുവരണമെന്നും തത്ത്വങ്ങൾ ബലികഴിക്കാതെ ആത്മാർത്ഥതയിലൂന്നി പ്രവർത്തനനിരതരാകണമെന്നും അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. "ജനാധിപത്യസംവിധാനത്തിൽ വനിതാപ്രാമുഖ്യം" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ പാനൽ ചർച്ചയിൽ റവ. ഡോ. ജോയ് നെല്ലിശ്ശേരി മോഡറേറ്റർ ആയിരുന്നു. സ്ത്രീയും പുരുഷനും ഒരുമിച്ച് വിചാരിച്ചാൽ മാത്രമേ സ്ത്രീശാക്തീകരണം സാധ്യമാകൂ എന്ന് വിഷയം അവതരിപ്പിച്ച സി. ഡോ. റോസ് ബാസ്റ്റ്യൻ C.H.F ഓർമ്മിപ്പിച്ചു.

ശക്തിസ്വരൂപിണിയായ സ്ത്രീയുടെ കഴിവുകൾ പ്രകടമാകണം എന്ന് രൂപതാവനിതാ കമ്മീഷൻ പ്രസിഡണ്ട് ശ്രീമതി ജെസ്സീന്ത ടീച്ചർ അഭിപ്രായപ്പെട്ടു. ജാതിമതഭേദമെന്യേ സമൂഹത്തിനുവേണ്ടി എന്തുചെയ്യാൻ പറ്റും എന്ന് ചിന്തിക്കുന്ന സ്ത്രീകൾക്ക് കുടുംബയൂണിറ്റ് തലത്തിൽ തന്നെ വേണ്ടത്രബോധവത്കരണം കൊടുത്ത് മുഖ്യധാരയിലേക്ക് അവരെ എത്തിക്കേണ്ടത് സഭയുടെ കടമയാണെന്ന് റവ. ഫാ. ജോൺ കവലക്കാട്ട് എടുത്തുപറഞ്ഞു.

വിഷയാവതരണത്തിനുശേഷം യോഗാംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി ചർച്ചയെ ഊർജ്ജസ്വലമാക്കി.

പിന്നീട് നടന്ന group discussion-ന് ശേഷം വളരെ വിലയേറിയ അഭിപ്രായങ്ങളാണ് group leaders എടുത്തുകാട്ടിയത്. സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നുവരേണ്ടതാണെന്നും അത് കുടുംബസമാധാനത്തിന് കോട്ടം തട്ടാതെ ആകണം എന്നും പലരും അഭിപ്രായപ്പെട്ടു. ആസന്നമായ ത്രിതലപഞ്ചായത്ത് ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ടുതന്നെ അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് ബോധവത്കരണം അനിവാര്യമാണെന്നും അത് സംഘടനാതലത്തിൽ വളർന്നുവരുന്ന പെൺകുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടാകണം എന്നും പല ഗ്രൂപ്പുകളും ആവശ്യപ്പെട്ടു. പിന്നീട് നടന്ന ആരാധനയ്ക്ക് ഹോളിഫാമിലി പാവനാത്മ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. വിജയ നേതൃത്വം നല്കി.

ഉച്ചഭക്ഷണത്തിനുശേഷം "അഭിപ്രായരൂപീകരണത്തിൽ മാധ്യമസ്വാധീനം" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പാനൽ ചർച്ചയിൽ ഫാ. ജോളി വടക്കൻ മോഡറേറ്ററും ശ്രീ. സെബി മാളിയേക്കൽ വിഷയാവതാരകനും ആയിരുന്നു. മാധ്യമങ്ങൾ തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് യാഥാർത്ഥ്യങ്ങളെ തമസ്ക്കരിക്കുന്നില്ലേ എന്ന് അംഗങ്ങൾ ഉൽക്കണ്ഠ രേഖപ്പെടുത്തി. മാധ്യമങ്ങളിലെ മൂല്യച്യുതിക്കെതിരെ പ്രതികരണ ശേഷിയുള്ളവരാകണമെന്ന് യോഗം ആവശ്യപ്പെട്ടു.

ചർച്ചയ്ക്കുശേഷം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. പി. എൽ. ആന്റണി അവതരിപ്പിച്ച 5-ാം സമ്മേളന റിപ്പോർട്ട് യോഗം പാസാക്കി. CLC യുടെ UN Link Person ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ജിയോ പോൾ കടവിയെ അനുമോദിച്ചുകൊണ്ട് റവ. ഫാ. ആൻഡ്രൂസ് ചെതലൻ (ഡയറക്ടർ CLC) സംസാരിച്ചു. ശ്രീ. സേവ്യർ പള്ളിപ്പാട്ട് അഭിവന്ദ്യപിതാവിനും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കും ക്രിസ്തുമസ്സ് മംഗളങ്ങൾ നേർന്നു. അർഹത നേടിയ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും മിഷൻ സൺഡേ ട്രോഫികൾ സമ്മാനിക്കാൻ പ്രൊക്കുറേറ്റർ ഫാ. ജോബി പൊഴോലിപറമ്പിൽ നേതൃത്വം നല്കി. ജനറൽ സെക്രട്ടറി റവ. ഡോ. ആന്റോ ചുങ്കത്ത് യോഗനടപടികൾക്ക് നേതൃത്വം

നൽകുകയും ചെയ്തു. അഭിവന്ദ്യപിതാവിന്റെ സമാപന ആശീർവ്വാദത്തോടെ യോഗം അവസാനിച്ചു.

**പാരിഷ് - ഫൊറോന കൗൺസിലുകളുടെ ചർച്ചയ്ക്ക്:-**

ഇരിങ്ങാലക്കുട രൂപതയുടെ കഴിഞ്ഞ പാസ്റ്ററൽ കൗൺസിലിന്റെ (ഡിസംബർ 12) ചർച്ചകളുടെ ഭാഗമായി " പാരിഷ് കൗൺസിലുകളിൽ" ചർച്ചചെയ്തു റിപ്പോർട്ട് സമർപ്പിക്കേണ്ടതിനായി നല്കപ്പെടുന്ന ചോദ്യങ്ങൾ:

1. ജനാധിപത്യ സംവിധാനത്തിലെ ത്രിതല തദ്ദേശ സ്വയംഭരണപ്രക്രിയയിൽ കത്തോലിക്കരെന്ന നിലയിൽ നമ്മുടെ കടമയും പങ്കും എങ്ങിനെ കാര്യക്ഷമമായി നിറവേറ്റാം?
2. സംസ്ഥാനഭരണത്തിലും പ്രാദേശികഭരണ നിർവ്വഹണത്തിലും നിർണ്ണായക സ്വാധീനം ചെലുത്തുന്ന ത്രിതല പഞ്ചായത്ത്, തെരഞ്ഞെടുപ്പിന് നമ്മുടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ വാർഡുകൾ തയ്യാറാക്കാൻ നമുക്കു കടമയുണ്ട്. 50% സ്ത്രീസംവരണം നടപ്പിലാക്കിയിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ വാർഡുകളിലെ സ്ത്രീജനങ്ങളെ എങ്ങിനെ പ്രബുദ്ധരാക്കി നേതൃത്വത്തിലേയ്ക്കു ഒരുക്കിയെടുക്കാം?

**അടിക്കുറിപ്പ്:**

സർക്കാർ സംവിധാനത്തിന്റെ എല്ലാ തലങ്ങളിലും ഗ്രാമ, ബ്ലോക്ക്, ജില്ലാ, പഞ്ചായത്തുമെബർ അധികാരിയാണ്. ഉദാ: ആശുപത്രികൾ, സ്ക്കൂളുകൾ, സിവിൽ സപ്ലൈസ്. എൽ.പി, യു.പി. സ്ക്കൂൾ ഭരണക്രമത്തിൽ ഗ്രാമപഞ്ചായത്തുമെമ്പറും; എച്ച്. എസ്., എച്ച്. എസ്.എസ്. സ്ക്കൂളിൽ ബ്ലോക്ക് മെമ്പറും നിർണ്ണായകസ്വാധീനമുള്ളവരാണ്. നമ്മുടെ രൂപതാതിർത്തിയിൽ 500 ഗ്രാമ പഞ്ചായത്ത് സീറ്റുകളും; 70 ബ്ലോക്ക് സീറ്റുകളും (2 ഭാഗിക ജില്ലാ പഞ്ചായത്തുകളും) ഉണ്ട്. 50% സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടവയാണ്. ഈ ചോദ്യാവലി അടുത്ത പാസ്റ്ററൽ കൗൺസിലിനുമുമ്പ് ഫൊറോന-ഇടവകതലങ്ങളിൽ ചർച്ച ചെയ്ത് റിപ്പോർട്ട് (13-2-2010) പാസ്റ്ററൽ കൗൺസിലിൽ അവതരിപ്പിക്കേണ്ടതാണ്.

**ഫാ. ആന്റോ ചുങ്കത്ത്**
ജനറൽ സെക്രട്ടറി.

# സോഷ്യൽ ആക്ഷൻ

1. 15/12/2009-ന് ഇരിങ്ങാലക്കുട ഡോളേഴ്സ് പള്ളിഹാളിൽ രാവിലെ 10-ന് Training on C.B.O. Management ശ്രീ കുഞ്ഞിപ്പാലുമാസ്റ്റർ ക്ലാസ്സ് നയിക്കുന്നു.
2. 19/12/2009-ന് കൊററനെല്ലൂർ 'പ്രകൃതി'യിൽ രാവിലെ 10- ന് തിരഞ്ഞെടുക്കപ്പെട്ട 32 ക്ഷീരകർഷകർക്ക് ധനസഹായവിതരണോദ്ഘാടനവും, പശുവളർത്തൽ പദ്ധതിയുടെ ആശീർവ്വാദ കർമ്മവും മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുന്നു. ക്ഷീര കർഷകർക്ക് ഡോ. ജോയ് ജോർജ്ജ് ക്ലാസ്സ് നയിക്കുന്നു.
3. 19/12/09ന് സോഷ്യൽ ആക്ഷൻ ഓഡിറ്റോറിയത്തിൽവച്ച് 'ബാലശ്രീ' ചിൽഡ്രൻസ് ക്ലബ് നേതാക്കൾക്ക് രാവിലെ 10 മുതൽ Bala Sree Leaders Orientation Program .
4. 21/12/09ന് സോഷ്യൽ ആക്ഷൻ ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10-ന് വൈകല്യമുള്ള ഗുണഭോക്താക്കൾക്കായി UMMI Beneficiaries Meet'.
5. 29/12/09-ന് കരുവന്നൂർ പള്ളിഹാളിൽ രാവിലെ 10-ന് Training on C.B.O. Management -ശ്രീ കുഞ്ഞിപ്പാലുമാസ്റ്റർ ക്ലാസ്സ് നയിക്കുന്നു.
6. സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിലുള്ള 538 'ഗ്രാമശ്രീ' സ്വാശ്രയസംഘങ്ങളുടെ 2009 വർഷകാലയളവിലെ ഓഡിറ്റിംഗ് മേഖലാതലത്തിൽ: ഇരിങ്ങാലക്കുട മേഖല, സോഷ്യൽ ആക്ഷൻ ഓഡിറ്റോറിയത്തിൽ 2010 ജനുവരി 14, 21, 22 തിയ്യതികളിലും മാള മേഖല, അഷ്ടമിച്ചിറ SANJO ITC യിൽ ജനുവരി 18, 19, 20 തിയ്യതികളിലും ചാലക്കുടി മേഖല, ചാലക്കുടി ഫൊറോന പള്ളി ഹാളിൽ ജനുവരി 25, 27, 28 തിയ്യതി കളിലും നടത്തപ്പെടുന്നു.

**ഫാ. ജോസ് പാലാട്ടി**
ഡയറക്ടർ

# സംഘടനാവാർത്തകൾ...

## അവാർഡ്

1. **ബെനഫാക്ടേഴ്സ് ദിനാചരണം:-** അവാർഡ് കുടുംബത്തിലെ എല്ലാ ഉപകാരികൾക്കുമായി ജനുവരി 1-ാം തിയ്യതി രാവിലെ 9.30 മുതൽ വൈകീട്ട് 4 മണിവരെ പരിയാരം സി.എസ്.ആർ-ൽ വച്ച് ബെനെഫാക്ടേഴ്സ് ദിനം ആചരിക്കുന്നു.

2. **പാർട്ടിസിപ്പേറ്ററി മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ:-** ഓരോ ടീം അംഗത്തിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്ന പ്രസ്തുത പരിപാടി 28-ാം തിയ്യതി നടത്തപ്പെടുന്നു.

**I. ഫാമിലി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്:-** ഫാമിലി കൗൺസലിങ്ങ് സെന്ററിന്റെ ആഭിമുഖ്യത്തിൽ വിവിധ മാനസിക-കുടുംബപ്രശ്നങ്ങളുമായി വരുന്നവർക്ക് വിദഗ്ധരായ കൗൺസിലർമാരുടെ സേവനം എല്ലാ പ്രവൃത്തിദിവസങ്ങളിലും ലഭ്യമാക്കുന്നു. സ്ക്കൂൾതലകൗൺസിലിംഗിന്റെ ഭാഗമായി പുലക്കാട്ടുകര ഹോളി ഫാമിലി സ്ക്കൂളിൽ 2-ാം തിയ്യതിയും 10-ാം തിയ്യതിയും കൗൺസിലിംഗ് നല്കുന്നു.

28-ാം തിയ്യതി റീജിണൽ കോർഡിനേറ്റേഴ്സ്-സിസ്റ്റേഴ്സിനായി "മെന്റൽ ഡിസോർഡർ" എന്ന വിഷയത്തെക്കുറിച്ച് അവാർഡിൽവച്ച് ക്ലാസ്സ് നടത്തപ്പെടുന്നു. 29-ാം തിയ്യതി കൗൺസലിംഗ് സെന്ററിന്റെ പ്രവർത്തനാവലോകന യോഗം-സബ്കമ്മിറ്റി മീറ്റിംഗ് അവാർഡിൽവച്ച് നടത്തപ്പെടുന്നു.

വികലാംഗ പുനരധിവാസപ്രവർത്തനങ്ങളുടെ ഭാഗമായി 8, 15, 22, 29 തിയ്യതികളിൽ വിദ്യാഭ്യാസചികിത്സാ-സഹായം നൽകുന്നതായിരിക്കും. SARGA(Specially Abled & Rehabilitated Ganams of Avard) ന്റെ ഭാഗമായി കൊരട്ടി, കാടുകുറ്റി, പരിയാരം പഞ്ചായത്തുകളിൽ 4 ഗണങ്ങൾ രൂപീകരിക്കുന്നു.

**II. CBO-Department:**

അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി, വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിലെ ചിൽഡ്രൻസ് ക്ലബിലെ കുട്ടികൾക്കായി 12-ാം തിയ്യതി "ആഗോളതാപനം"എന്ന വിഷയത്തെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തപ്പെടുന്നു. കൈയ്യെഴുത്തു മാസികാ മത്സരവും നടത്തപ്പെടുന്നു.

**III. Agriculture Department**

പുത്തുക്കാവ്- കാരത്തോട് നീർത്തടപദ്ധതികളുടെ ഭാഗമായി 2008-2009 വർഷത്തേക്കുള്ള ഭരണാനുമതി ലഭിച്ച സ്ക്കീമുകളിലേയ്ക്കുള്ള അപേക്ഷകരെ ക്ഷണിക്കുന്നതിനായി നീർത്തട ഗ്രാമ സഭകൾ കൊടകര കമ്മ്യൂണിറ്റിഹാളിൽ സമ്മേളിക്കുന്നു.

**IV. മൈക്രോ എന്റർപ്രൈസസ് ഡിപ്പാർട്ട്മെന്റ്:-**

6-ാം ഘട്ട ഗൃഹോപകരണപദ്ധതി 34 ഏജന്റുമാർ വഴി 38 ഐറ്റംസ് ആഴ്ചതോറുമായി നടപ്പിലാക്കുന്നു.

**V. അനുമോദനയോഗം:-** "Best citizen of India" അവാർഡ് ജേതാവായ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമോദനം നല്കും.

<u>ഫാ. ലിജുപോൾ പറമ്പത്ത്</u>
എക്സി. ഡയറക്ടർ

## ജസ്റ്റിസ് ഫോറം

**1.** ജസ്റ്റിസ് ഫോറത്തിന്റെ ഒരു മീറ്റിംഗ് 02-12-2009-ൽ ബഹു. ഡയറക്ടറച്ചന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. റിപ്പോർട്ട് വായനയ്ക്കു ശേഷം നിലവിലുള്ള കേസുകളെക്കുറിച്ച് ചർച്ച ചെയ്തു. 2009-2010 കാല യളവിലേയ്ക്ക് ട്രഷറർ ആയി അഡ്വക്കേറ്റ് എം. ഐ. ആന്റണിയെ തെര ഞ്ഞെടുത്തു. പ്രത്യാശയിൽ സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്ന കാര്യം ആലോചിക്കുകയുണ്ടായി. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു

**2.** 13-12-2009-ൽ പൊറത്തിശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഒരു നിയമാവബോധ സെമിനാർ സംഘടിപ്പിച്ചു. 75 പേർ പങ്കെടുത്തു. വികാരി റവ. ഫാ. പീറ്റർ കാച്ചപ്പിള്ളി ഏവർക്കും സ്വാഗതം ആശംസിച്ചു. Consumer Protection Act, Senior citizen Act, Christian succession Act, Right to Information എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾക്ക് അഡ്വ. ഇ.ടി. തോമസ്, അഡ്വ. കെ.ജെ. ജോൺസൺ, അഡ്വ. എം. ഒ. ബേബി, പ്രൊഫ. എൻ. എൽ. ജോൺസൺ, ഫാ. ജോർജ്ജ് വേഴപറമ്പിൽ എന്നിവർ നേതൃത്വം നല്കി. പള്ളി ട്രസ്റ്റി മിസ്റ്റർ ജോർജ്ജ് കാട്ളപീടിക എല്ലാവർക്കും നന്ദി പറഞ്ഞു. 5 മണിയോടെ സെമിനാർ സമാപിച്ചു.

**3.** 2010 ജനുവരി മുതൽ എല്ലാ ബുധനാഴ്ചയും 3 p.m മുതൽ -5 p.m വരെ ജസ്റ്റീസ് ഫോറത്തിൽ അഡ്വക്കേറ്റ്സിന്റെ സേവനം സൗജന്യ നിയമോപദേശം ലഭ്യമായിരിക്കും.

**ഫാ. ജോർജ്ജ് വേഴപ്പറമ്പിൽ**
ഡയറക്ടർ

## ബി. എൽ. എം.

1. **ആന്തരിക സൗഖ്യ വചനാനുഭവധ്യാനം:** ജനുവരി 3 ഞായർ 5 pm മുതൽ 7 വ്യാഴം വരെ.
2. **സ്നേഹപ്രത്യാശ ടീം ആന്തരിക സൗഖ്യ ധ്യാനം:** ജനുവരി 7 വ്യാഴം 5 pm മുതൽ 10 ഞായർ വരെ.
3. **ആന്തരിക സൗഖ്യധ്യാനം:** ജനുവരി 10 ഞായർ 5 pm മുതൽ 14 വ്യാഴം വരെ.
4. **ആബ്ബാ അനുഭവ ആന്തരിക സൗഖ്യ ധ്യാനം:** ജനുവരി 17 ഞായർ 5 pm മുതൽ 21 വ്യാഴം വരെ.
5. **ആന്തരിക സൗഖ്യധ്യാനം:** ജനുവരി 24 ഞായർ 5 pm-28 വ്യാഴം വരെ
6. **സ്നേഹപ്രത്യാശ ടീം ആന്തരിക സൗഖ്യ ധ്യാനം:** ജനുവരി 28 വ്യാഴം 5 pm മുതൽ 31 ഞായർ വരെ.
7. **ഇരിങ്ങാലക്കുട സോൺ കരിസ്മാറ്റിക് നവീകരണ മദ്ധ്യസ്ഥ പ്രാർത്ഥനാദിനം :** ജനുവരി 4 തിങ്കൾ

**ഫാ. ആന്റോ ചുങ്കത്ത്,** ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1. മാസധ്യാനചിന്തകൾ പങ്കുവച്ചത് ബഹു. ജീസ് O.S.J
2. പരിശുദ്ധ മാതാവിന്റെ അമലോത്ഭവതിരുന്നാൾ ദിനത്തിൽ ഗ്രോട്ടോയിൽ അർപ്പിച്ച ദിവ്യബലിക്കും മറ്റു തിരുക്കർമ്മങ്ങൾക്കും ബഹു. ഫാ. ആൻഡ്രൂസ് ചെതലൻ കാർമ്മികത്വം വഹിച്ചു.
3. ഡിസംബർ 18-ന് അഭിവന്ദ്യ പിതാവിനോടൊപ്പം സെമിനാരി കുടുംബം ക്രിസ്തുമസ് ആഘോഷിച്ചു.
4. റീജിയൻസിക്കാർ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സാൻജോ സദൻ, നവചൈതന്യ, അഭയഭവൻ എന്നിവിടങ്ങളിലായിരിക്കും അനുഭവജ്ഞാനത്തിനായി പോകുന്നത്.
5. ഡിസംബർ 23-ാം തിയ്യതി മേജർ സെമിനാരിക്കാർ ഒത്തു ചേർന്ന് അവധിക്കാല പരിപാടികൾ ചർച്ച ചെയ്തു.
6. ഈ വർഷം ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാർക്ക് അനുജന്മാരുടെ പ്രാർത്ഥനാശംസകൾ!
7. **സാമ്പത്തിക സഹായം നല്കിയവർ**

Mrs. Kochurani Jose Plathottathil, Edmonton, Canada
Mrs. Mary George Alookaran, Irinjalakuda
Mrs. Seby Maliekal & Family, Avittathur
Mathrusangham, Cathedral Parish, Irinajalakuda
Elisamma Joseph Adiyattiparambil, Moorkanad

**ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ,** റെക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**1. ദമ്പതി ദിനം :** ഫെബ്രുവരി 21 ഞായറാഴ്ച 35 വയസ്സിനുതാഴെയുള്ള ദമ്പതിമാരുടെ കൂട്ടായ്മ പാക്സിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ സംഘടിപ്പിക്കുന്നു. ഒരു ഇടവകയിൽനിന്ന് ഒരോ ദമ്പതികളെയാണ് പ്രതീക്ഷിക്കുന്നത്. ബഹു. വികാരിയച്ചന്മാർ സഹകരിക്കണെ.

**2. കുടുംബസമ്മേളനങ്ങൾ:** പഞ്ചദിനത്തിന് ചർച്ച ചെയ്ത് തീരുമാനിച്ച തനുസരിച്ച് കുടുംബസമ്മേളന ഭാരവാഹികൾ (നിയമാവലി പ്രകാരം) 3 വർഷത്തേയ്ക്കാണ്. പ്രത്യേക സാഹചര്യത്തിൽ കാലാവധി ഒരു വർഷമാക്കിയാൽ, ഇലക്ഷൻ മെയ്-ജൂൺ മാസത്തിൽ മാത്രം നടത്തി ഭാരവാഹികളുടെ പേരും അഡ്രസ്സും പാക്സിലെ കുടുംബക്ഷേമകാര്യാലയത്തിൽ അറിയിക്കണെ.

**3. ഹോം മിഷൻ:** രൂപതാ ഹോം മിഷൻ ടീം നവംബർ 9 മുതൽ മുപ്ലിയം ഇടവകയിൽ കൗൺസലിങ്ങ് തുടരുന്നു. ഹോം മിഷൻ നടത്തുവാൻ താത്പര്യമുള്ള ഇടവകകൾ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**4. മരിയൻ പ്രോലൈഫ് മൂവ്മെന്റ്:**

1. പ്രോലൈഫ് യൂണിറ്റുകൾ ഇടവകകളിൽ രൂപീകരണം തുടരുന്നു. എല്ലാ ഇടവകകളിലും പ്രോലൈഫ് യൂണിറ്റുകൾ രൂപീകരിക്കുവാൻ ബഹു. വൈദികർ സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.
2. പ്രോലൈഫ് ടീം അംഗമാകുവാൻ ക്ഷണിച്ചുകൊണ്ടുള്ള അഭിവന്ദ്യപിതാവിന്റെ കത്ത് ഇടവകബുള്ളറ്റിനുകളിൽ പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

# നവചൈതന്യ

| | |
|---|---|
| ജനുവരി 3 | : ഫോളോ അപ്പ് സെമിനാർ |
| ജനുവരി 7 | : സ്റ്റാഫ് മീറ്റിംഗ് |
| ജനുവരി 9-16 | : **ലഹരി മോചന പരിശീലന ക്യാമ്പ്** |
| ജനുവരി 9-10 | : ആരാധന ജാഗരണ പ്രാർത്ഥന |
| ജനുവരി 11 | : എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| ജനുവരി 14 | : NRF. മീറ്റിംഗ് |
| ജനുവരി 16 | : ലീഡേഴ്സ് & ആനിമേറ്റേഴ്സ് ട്രെയ്നിംഗ് |
| ജനുവരി 25-27 | : ഫീൽഡ് വിസിറ്റ് |
| ജനുവരി 29-30 | : സ്ത്രീകളുടെ ക്യാമ്പ് |

**ഫാ. വർഗ്ഗീസ് കോന്തുരുത്തി**, ഡയറക്ടർ

# ചെന്നൈ മിഷൻ വാർത്തകൾ

1. വൈദികവർഷത്തോടനുബന്ധിച്ചുള്ള വൈദിക കൂട്ടായ്മ 02.12.2009-ൽ കീഴ്കട്ട്ളൈ ദേവാലയത്തിൽവച്ച് നടത്തി
2. **ക്രിസ്തുമസ്സ് ആഘോഷം**: 2009 ഡിസംബർ 20-ന് നടന്ന ചെന്നൈ സീറോ മലബാർ സഭാമിഷന്റെ 26-ാത് വാർഷികവും ക്രിസ്തുമസ്സ് ആഘോഷങ്ങളും അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് ഉദ്ഘാടനം ചെയ്തു.
3. **വെഞ്ചിരിപ്**: ചെന്നൈയിലെ കീഴ്കട്ട്ളൈ സേക്രഡ് ഹാർട്ട് ദേവാലയത്തോടനുബന്ധിച്ചു പണിതീർത്ത മതബോധനഹാളിന്റെ വെഞ്ചിരിപ്പ് 2010 ജനുവരി 10 ന് മോൺ. വിൻസന്റ് ആലപ്പാട്ടിന്റെ സാന്നിധ്യത്തിൽ ചെങ്കൽപ്പെട്ട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ നീതിനാഥൻ പിതാവ് നിർവ്വഹിക്കും.
4. **ദമ്പതി സംഗമം**: ചെന്നൈയിലെ വിവിധ ഇടവകകളിൽ നിന്നുള്ള ദമ്പതികൾക്കായി ചെന്നൈ സീറോമലബാർ സഭ പിതൃവേദി-മാതൃജ്യോതിസ്സ് കേന്ദ്രസമിതി ഒരുക്കുന്ന ദമ്പതിസംഗമം 2010 ജനുവരി 10 രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ ആവടി സെന്റ് പീറ്റർ ദേവാലയത്തിൽവച്ച് നടത്തപ്പെടും. ശ്രീ. ജോസ് മഴുവഞ്ചേരി (എറണാകുളം) ക്ലാസ്സ് നയിക്കും. ഡയറക്ടർമാരായ ബഹു. ഷാജു ചിറയത്തച്ചനും, ബഹു. ജോർജ്ജ് ചിറമ്മേലച്ചനും പരിപാടികൾക്ക് നേതൃത്വം നല്കും.
5. **യുവ 2010**: അയനാവരം സെന്റ് തോമസ് ഇടവകയുടെ നേതൃത്വത്തിൽ ചെന്നൈയിലെ സീറോമലബാർ സഭയിലെ യുവജനങ്ങൾക്കായ് ജനുവരി 14,15,16 തിയ്യതികളിൽ അയ്നാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ യുവജനകൺവെൻഷൻ നടത്തുന്നു. കൺവെൻഷൻ നയിക്കുന്നത് പെരുവണ്ണാമുഴി ശാലോം ടീം ആയിരിക്കും. വികാരി റവ. ഫാ. സജി പൊന്മിനിശ്ശേരി കൺവെൻഷൻ പരിപാടികൾക്ക് നേതൃത്വം നല്കും.
6. **MISSION APPEAL AND HELP:** ചെന്നൈ സീറോമലബാർസഭാ മിഷൻ പ്രവർത്തനങ്ങളുടെ ധനശേഖരാർത്ഥം മിഷൻ അപ്പീലിന് അനുമതിയും സഹായവും നല്കിയ ബഹു. വികാരിയച്ചന്മാർ ക്കും ഇടവകമക്കൾക്കും ചെന്നൈമിഷന്റെ സ്നേഹപൂർവ്വകമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. എല്ലാ ഇടവകകളുടെയും സ്നേഹപൂർവ്വകമായ സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**സഹായിച്ച ഇടവകകൾ**

| | | | |
|---|---|---|---|
| ഡോളേഴ്സ്, ഇരിങ്ങാലക്കുട | - | 55645.00 | Cemetry Fund |
| തെക്കൻ താണിശ്ശേരി | - | 100000.00 | ഗൗരിവക്കം പള്ളി |
| വെള്ളാനി | - | 5000.00 | Cemetry Fund |
| പേരാമ്പ്ര | - | 75000.00 | നീലാങ്കര പള്ളി |
| കടുപ്പശ്ശേരി | - | 60000.00 | നീലാങ്കര പള്ളി |
| കല്പറമ്പ് | - | 30000.00 | സ്നേഹതീരം |
| മാപ്രാണം | - | 51300.00 | സ്നേഹതീരം |
| കൂണ്ടൂർ | - | 33285.00 | സ്നേഹതീരം |
| പുളിപ്പറമ്പ് | - | 10000.00 | സ്നേഹതീരം |
| തച്ചുടപ്പറമ്പ് | - | 26520.00 | സെ. തോമസ് സ്ക്കൂൾ |

**ഫാ. ജോസ് മാളിയേക്കൽ**, കോ-ഓർഡിനേറ്റർ

## സെക്കുലർ ഫ്രാൻസിസ്ക്കൻ ഓർഡർ

രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഡിസംബർ 16-ാം തിയ്യതി രൂപത ഭവനിൽവച്ച് കൃതജ്ഞതാദിനാചരണവും ക്രിസ്മസ്സ് ആഘോഷവും നടത്തി. രൂപത ഡയറക്ടർ റവ. ഫാ. ട്രീജോ ചക്കാലയ്ക്കൽ കപ്പൂച്ചിൻ ക്രിസ്മസ്സ് സന്ദേശം നൽകി. രൂപത ആനിമേറ്റർ റവ. സി. ഫ്ളോറൻസ് സന്നിഹിതയായിരുന്നു. ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാകൂട്ടായ്മയും വചനപ്രഘോഷണവും ഡിസംബർ 18-ാം തിയ്യതി എലിഞ്ഞിപ്ര സെന്റ് ഫ്രാൻസീസ് അസ്സീസി ദേവാലയത്തിൽ വച്ച് നടത്തി. (ചാലക്കുടി സെന്റ് മേരീസ് റീജിയൺ)

കുഴൂർ ശാന്തിനിലയത്തിലെ ബഹു. സിസ്റ്റേഴ്സിന്റെയും അന്തേവാസികളുടെയും സവിധത്തിൽ 2010 ജനുവരി 9-ാം തിയ്യതി ചാലക്കുടി സെന്റ് മേരീസ് റീജിയൺ അംഗങ്ങൾ ഒത്തുകൂടുന്നു. പ്രാർത്ഥിക്കുന്നു; ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നു; പുതുവത്സരമംഗളങ്ങൾ നേർന്ന് സ്നേഹവിരുന്നു ആസ്വദിക്കുന്നു.

പുതുവത്സരമംഗളങ്ങളോടെ,

**ഫാ. ട്രീജോ ചക്കാലക്കൽ (OFM) Cap.**
ഡയറക്ടർ

---

## ലീജിയൻ ഓഫ് മേരി ആവേ മരിയ

ഇരിങ്ങാലക്കുട കമ്മീസിയത്തിന്റെ 12-ാം വാർഷികം 2009 ഡിസംബർ 6-ാം തിയ്യതി ഞായറാഴ്ച വിദ്യാജ്യോതിയിൽവച്ച് ആഘോഷിച്ചു. മോൺ. ഡോ. വിൻസന്റ് ആലപ്പാട്ട് ഉദ്ഘാടനം ചെയ്ത ആഘോഷപരിപാടികളിൽ കമ്മീസിയം, കൂരിയ, പ്രസീദിയം എന്നിവയുടെ ഭാരവാഹികളും അംഗങ്ങളും പങ്കെടുത്തു. ഫാ. ലിന്റോ കുറ്റിക്കാടൻ നയിച്ച ക്ലാസ്സ് പരിശുദ്ധ അമ്മയുടെ മാതൃകയിലും മാദ്ധ്യസ്ഥതയിലും മുന്നേറുവാൻ സഹായിച്ചു. ജപശൃംഖലയും, ദിവ്യബലിയും സ്നേഹവിരുന്നും കലാവിരുന്നും വാർഷികകൂട്ടായ്മ അവിസ്മരണീയമാക്കി. വൈസ് പ്രസിഡന്റ് ബ്ര. കെ. കെ. ജോർജ്ജ്, സെക്രട്ടറി സിസ്റ്റർ ജെസ്സി ലൂയിസ്, ട്രഷറർ ബ്ര. വിത്സൻ ചുക്കിലിയാൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ**
ഡയറക്ടർ.

# തിരുബാലസഖ്യം

**I കലോത്സവം 2009 സമ്മാനർഹരായവർ:**

**നേഴ്സറി വിഭാഗം**

1st സെന്റ് സെബാസ്റ്റ്യൻ L.P.S, കുറ്റിക്കാട്

2nd L.F.L.P.S, കുമ്പിടി

3rd സെന്റ് ജോസഫ്സ് E.M.S, പഴൂക്കര

**ജൂനിയർ വിഭാഗം**

1st S.H.C.L.P.S, ചാലക്കുടി

2nd സെന്റ് ആന്റണീസ് C.U.P.S, എലിഞ്ഞിപ്ര

3rd സെന്റ് ജോസഫ്സ് ചർച്ച്, ഊരകം, അസംപ്ഷൻ ചർച്ച്, മുപ്ലിയം

**സീനിയർവിഭാഗം**

1st A. L.P.S, കൊറ്റനെല്ലൂർ

2nd S.H.C.L.P.S, ചാലക്കുടി

" O.L.F. Church, കൊറ്റനെല്ലൂർ

3rd സെ. ജോസഫ്സ് ചർച്ച്, ഊരകം, & സെ. മേരീസ് ഫൊ. ചർച്ച്, പുത്തൻചിറ, സെ. മേരീസ് ചർച്ച് കൊടുങ്ങല്ലൂർ, ഡോളേഴ്സ് ചർച്ച് IJK

**Total Point**

1st S.H.C.G. L.P.S., ചാലക്കുടി

2nd A.L.P.S., കൊറ്റനെല്ലൂർ

3rd St. Sebastian L.P.S., കുറ്റിക്കാട്

വിജയികൾക്ക് അഭിനന്ദനങ്ങൾ! കലോത്സവം വിജയപ്രദമാക്കാൻ പരിശ്രമിച്ച, സഹകരിച്ച എല്ലാവർക്കും നന്ദി.

**II തിരുബാലസഖ്യം കൂപ്പൺ നറുക്കെടുപ്പിൽ സമ്മാനാർഹമായ നമ്പറുകൾ**

| സമ്മാനം | കൂപ്പൺ നമ്പർ | പേര് |
|---|---|---|
| 1 | 3689 | ഔസേപ്പ് കാച്ചപ്പിള്ളി |
| 2 | 11150 | ഫ്രാൻസീസ് സി.എ. |
| 3 | 9911 | ഡിൽവി ഐ.വി. |
| 4 | 19923 | നന്ദഗോപാലൻ |
| 5 | 9928 | റോഷൻ ഷാജു ചില്ലായി |
| 6 | 11124 | ബേബി രവി |
| 7 | 7384 | ആന്റണി പോളി |
| 8 | 4187 | ഐശ്വര്യ വി. എസ്, കല്ലൂർ |
| 9 | 19519 | റോസ്മരിയ, L.K.G തുറവൻകാട് |
| 10 | 8934 | ആഗ്ന റോസ്, S.H ചാലക്കുടി |

സമ്മാനർഹർ കൂപ്പണുമായി വന്ന് ഒരു മാസത്തിനകം സമ്മാനം കൈപ്പറ്റേണ്ടതാണ്.

**ഫാ. ജോസ് പുല്ലുപറമ്പിൽ,** ഡയറക്ടർ

# സ്പിരിച്വാലിറ്റി സെന്റർ

**2010 ജനുവരി മാസത്തിലെ ശുശ്രൂഷകൾ**

1. **5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഏകദിനധ്യാനം:**
   2-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ 4 വരെ
2. **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ:**
   3-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 12.30 വരെ
3. **വിധവാസംഗമം (Wind):** 4-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 2 മണി വരെ
4. **ഏകസ്ഥരുടെ കൂട്ടായ്മ:**
   5-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 10 മുതൽ 12 വരെ
5. **24 മണിക്കൂർ കുമ്പസാരം:** 7-ാം തിയ്യതി വ്യാഴാഴ്ച
6. **സിസ്റ്റേഴ്സിന്റെ മാസധ്യാനം:**
   16-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ 1 വരെ.
7. **പ്രേഷിത കൂട്ടായ്മ:** 28-ാം തിയ്യതി വ്യാഴാഴ്ച ഉച്ചയ്ക്ക് 2.30ന്
8. **അഖണ്ഡ ജപമാല:** 31-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 5 മണി വരെ
9. **രോഗികളുടെയും വൈദികരുടെയും സൗഹൃദസംഗമം:**
   എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10 മുതൽ 4 വരെ
10. **വചനപ്രഘോഷണവും ആന്തരികസൗഖ്യആരാധനയും:**
    എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 3 മണി വരെ

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

---

# സാൻജോ സദൻ

* നവംബർ മാസത്തിൽ 45 പേർ ചികിത്സ സ്വീകരിച്ച് ലഹരിവിമുക്തരായി ജീവിക്കുന്നു.

**നാളെകൾ**

* എ. എ. മീറ്റിങ്ങും അൽ അനോൺ സെമിനാറും 17/01/2010 ഞായർ 9.30 a.m മുതൽ 2.00 p.m വരെ സാൻജോസദനിൽ.

**ഫാ. പോളി കണ്ണൂക്കാടൻ (Jr.),**
ഡയറക്ടർ

# വൈദികവർഷം: ചില സാമൂഹ്യ ചിന്തകൾ

**ഫാ. ജോസ് പാലാട്ടി**
ഡയറക്ടർ, സോഷ്യൽ ആക്ഷൻ

വിശ്വാസികളുടെ സമൂഹമാണല്ലോ സഭ. സഭാസമൂഹത്തിൽ ദൈവ സാന്നിദ്ധ്യത്തിന്റെ മദ്ധ്യസ്ഥനാണ് വൈദികൻ – വിശ്വാസത്തിന്റെ വിത്ത് വിതയ്ക്കുന്നവൻ, വളർത്തുന്നവൻ, നൂറുമേനി വിളവ് നൽകുന്ന ക്രിസ്തീയ സമൂഹം കെട്ടിപ്പടുക്കുന്നവൻ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വൈദികരെക്കുറിച്ചുള്ള പ്രമാണരേഖയിൽ പ്രതിപാദിക്കുന്ന ചില സാമൂഹ്യചിന്തകൾ സവിശേഷശ്രദ്ധ അർഹിക്കുന്നുണ്ട്. "വിശ്വാസികളിൽ ഓരോരുത്തരുടെയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിൽ മാത്രമല്ല വൈദികധർമ്മം അടങ്ങിയിരിക്കുന്നത്. ഒരു യഥാർത്ഥ ക്രിസ്തീയ സമൂഹം കെട്ടിപ്പടുക്കുന്നതും അവരുടെ കടമ തന്നെയാണ്. സാമൂഹ്യചൈതന്യം അവർ കൈവളർത്തണം.....ക്രിസ്തീയ സമുദായം കെട്ടിപ്പടുക്കുന്നതിൽ വൈദികർ ഏതെങ്കിലും ആശയഗതിക്കോ വിഭാഗീയ ചിന്തക്കോ അടിപ്പെടരുത്; മറിച്ച്, സുവിശേഷത്തിന്റെ പ്രഘോഷകരായി സഭയുടെ ഇടയന്മാരെന്ന നിലയിൽ കർത്താവിന്റെ ശരീരം ആത്മീയോന്നതി പ്രാപിക്കാനായി സർവ്വാത്മനാ യത്നിക്കേണ്ടതാണ്" (വൈദികർ. 6).

സമൂഹനിർമിതിയിൽ നേതൃപദവി നൽകി, ജനത്തിന്റെ പുരോഭാഗത്ത് പ്രതിഷ്ഠിക്കപ്പെടുന്നവരാണ് പുരോഹിതർ. ദൈവത്തിന്റെ മനസ്സറിഞ്ഞ് അവിടുത്തെ ഹിതമനുസരിച്ച് ജനത്തെ നയിക്കുമ്പോഴാണ്, വൈദികദൗത്യം ദൈവിക ദൗത്യമാകുന്നത്. ഈ അധികാരം വൈദികന് മനുഷ്യദത്തമായി ലഭിക്കുന്നതല്ല, ദൈവദാനമായി നൽകപ്പെടുന്നതാണ്. വളരെ അടിയന്തിര പ്രാധാന്യമർഹിക്കുന്ന ഒരു കാലഘട്ടത്തിലാണ് വൈദികവർഷം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. വൈദികർക്ക് അവരുടെ പൗരോഹിത്യ പദവിയുടെ ഔന്നത്യവും മഹത്വവും കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനും ആത്മവിമർശനം നടത്താനും പുനർസമർപ്പണത്തിന് സന്നദ്ധരാകാനും ഈ വൈദികവർഷം സഹായകമാകുമെന്ന് പ്രത്യാശിക്കാം

ആനുകാലിക സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ വൈദികന്റെ സ്ഥാനത്തെ ഒരു പുനർവിചിന്തനത്തിനും, സാമൂഹ്യദർശനത്തിന്റെ അടിസ്ഥാനത്തിൽ പുനർവ്യാഖ്യാനത്തിനും വിധേയമാക്കേണ്ടതണ്. നമ്മുടേത് ഒരു മതേതര സമൂഹമാണെന്നതിനാൽ, വൈദികന്റെ സാമൂഹ്യദൗത്യത്തിന് ദൃശ്യമായ പ്രാധാന്യം കുറഞ്ഞിട്ടില്ലേ? വൈദി

കനെ 'പള്ളിക്കാര്യം' നോക്കുന്നവനായി ചുരുക്കുവാനുള്ള തന്ത്രപര മായ ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാമോ? ഒരു കാലത്ത്, ജനത്തിന്റെ ഭൗതികവും ആത്മീയവുമായ എല്ലാ തലങ്ങളിലും വൈദികരുടെ സ്ഥാനം അതുല്യമായിരുന്നു. അതുകൊണ്ടാണല്ലോ പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങളും, ആശുപത്രികളും, അനാഥമന്ദിരങ്ങളും ,തൊഴിൽശാലകളും തുടങ്ങിയുള്ള എല്ലാ പൊതുജനസേവന പ്രവർത്തനങ്ങൾക്കും വൈദികർ നേതൃത്വം നൽകിയത്. കാലാന്തര ത്തിൽ ഇത്തരം ഭൗതികമേഖലകളിലെ സേവനരംഗങ്ങളിൽ സർക്കാരും വിവിധ സ്വകാര്യ ഏജൻസികളും കാലെടുത്ത് കുത്തി സേവനമേഖല കളെ കച്ചവടച്ചരക്കാക്കി. ലാഭത്തിനുവേണ്ടിയുള്ള മത്സരവേദികളാക്കി. അപ്പോൾ, പ്രതിഫലേച്ഛ കൂടാതെ സമൂഹത്തിന് നൽകപ്പെടുന്ന സേവ നമേഖലകളിൽ വൈദികരുടെ സാന്നിദ്ധ്യം പലരുടെയും കണ്ണിലെ കര ടായി. അങ്ങനെ വൈദികരെ ആദ്ധ്യാത്മിക മേഖലയിലേയ്ക്ക് ഒതുക്കു വാനുള്ള ശ്രമമാരംഭിച്ചു.

ഈ പ്രതിസന്ധിയോട് പുരോഹിതൻ എപ്രകാരം പ്രതികരിച്ചുകൊ ണ്ടിരിക്കുന്നുവെന്ന് പരിശോധിച്ചുനോക്കുന്നത് നല്ലതാണ്. ഒരു പരിധി വരെ, ഈ സാമൂഹ്യമണ്ഡലങ്ങളോട് വിട പറഞ്ഞ്, തികച്ചും സുര ക്ഷിതത്വം നൽകുന്ന മേഖലകളിൽ ചേക്കേറാനുള്ള പ്രലോഭനത്തിൽ വൈദികർ നിപതിച്ചിട്ടുണ്ടോയെന്ന് സംശയിക്കുകയാണ്. നിർമ്മാണപ്ര വർത്തനങ്ങൾ അരങ്ങ് തകർക്കുകയാണ്. പള്ളിപ്പണി, കപ്പേളപണി, പാരിഷ്ഹാൾ പണി, ഇത്തരം മരാമത്തു പണികൾ നല്ലതാണെങ്കിലും അത് ഒരു വൈദികന്റെ കഴിവിന്റെയും മികവിന്റെയും, മാനദണ്ഡമായി മാറുന്നത് അത്ര ശുഭകരമാണെന്ന് തോന്നുന്നില്ല. തിരുന്നാളാഘോഷ ങ്ങൾ പല തരത്തിലാണ് ആരവമുണർത്തുന്നത്. ഇവിടെയും പണത്തി ന്റെയും പ്രൗഢിയുടെയും വിളംബരം കേൾക്കാം. ഇതെല്ലാം പരിധിക്ക പ്പുറം കടന്ന് ആദ്ധ്യാത്മികമൂല്യങ്ങളെയും സാമൂഹ്യനീതിയെയും ചവിട്ടി മെതിക്കുന്നുണ്ടോ? ലക്ഷങ്ങളുടെയും കോടികളുടെയും കണക്കുകള വതരിപ്പിക്കുമ്പോൾ, നമ്മുടെയിടയിൽ വസിക്കുന്ന 'ലാസർമാരെ' കണ്ടി ല്ലെന്ന് നാം നടിക്കുന്നുണ്ടോ? നേത്രദാനം, രക്തദാനം, വിദ്യാഭ്യാസസ ഹായം, ഭവനനിർമ്മാണം, ചികിത്സാസഹായം, വിവാഹസഹായം തുട ങ്ങിയ സേവനമേഖലകളിൽ വൈദികരുടെ നേതൃത്വത്തിൽ തുടരുന്ന സഭയുടെ സാന്നിധ്യം വിസ്മരിക്കുന്നില്ല. പക്ഷെ, മുൻഗണനാക്രമത്തിൽ ഇത്തരം പ്രവർത്തനങ്ങളുടെ സ്ഥാനം എവിടെയാണ്? അവയ്ക്കുവേണ്ടി ചെലവഴിക്കുന്ന വിഭവശേഷിയുടെ അളവ് തുലോം തുച്ഛമാണെന്ന് പറ യേണ്ടി വരില്ലേ? മാത്രമല്ല, ഇത്തരം കാര്യങ്ങൾ സമൂഹമധ്യത്തിൽ അറി യപ്പെടാതെ തമസ്ക്കരിക്കപ്പെടുന്നതും നാം കാണുന്ന കാഴ്ചയാണ്.

വരെ തായ്‌വാനിന്റെ തലസ്ഥാനമായ തായ്പ്പേ (Thaipei)യിൽവച്ച് നടത്തിയ Spiritual Exerciseൽ ഏഷ്യയിലെ 30 രാജ്യങ്ങളിൽനിന്നും കർദ്ദിനാളന്മാരും 60 മെത്രാന്മാരും 300 വൈദികരും 100 സന്യാസിനിമാരും/ അൽമായരും സംബന്ധിച്ചു. പ്രസ്തുത നവീകരണ പരിപാടിയിൽ നമ്മുടെ ബഹു. വികാരി ജനറാൾ മോൺ. ജോസ് കാവുങ്കലും, AVARD ഡയറക്ടർ റവ. ഫാ. ലിജോ പറമ്പത്തും, സോഷ്യൽ ആക്ഷൻ ഫോറത്തെ പ്രതിനിധീകരിച്ച് ഞാനും പങ്കെടുത്തു. സഭയുടെ സാമൂഹ്യ പ്രതിബദ്ധതയും ജീവകാരുണ്യദൗത്യവും നവീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള ആഹ്വാനമാണ് പരിപാടികളിലുടനീളം ഉയിർക്കൊണ്ടത്.

"Charity is the Christian identity Card" എന്ന ആമുഖപ്രഖ്യാപനത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. "You did it to Me" (Mt. 25, 40) എന്ന അഞ്ചു വാക്കുകളെ ആധാരമാക്കി, 'The Gospel of Five Fingers' എന്ന് ക്രൈസ്തവസ്നേഹത്തിന് ജീവിതംകൊണ്ട് തർജ്ജമയെഴുതിയ മദർ തെരേസായുടെ ജീവിതാദർശമായിരുന്നു പ്രധാന ഉൾക്കാഴ്ച പകർന്നുതന്നത്. അവസാനത്തവനിലും, അന്യവൽക്കരിക്കപ്പെട്ടവനിലും ദൈവത്തെ കാണാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് വൈദികന്റെ സാമൂഹ്യദർശനം (Social vision) ആഴപ്പെടേണ്ടതുണ്ടെന്ന് സാമൂഹ്യദൃശ്യത (Social visibility) വിശാലമാകേണ്ടതുണ്ടെന്നും അനുഭവിച്ചറിയാൻ സാധിച്ചു. പ്രസ്തുത പരിപാടിയുടെ സമാപന സന്ദേശം നൽകിയത് തായ്‌വാൻ പ്രസിഡണ്ടാണ്. കത്തോലിക്കാ സഭയുടെ സാമൂഹ്യദർശനത്തെയും ജീവകാരുണ്യ പ്രവർത്തനങ്ങളെയും അദ്ദേഹം ഏറെ അഭിനന്ദിച്ചു. അദ്ദേഹം സ്വന്തം ബാല്യകാലം അനുസ്മരിച്ചുകൊണ്ട് പറഞ്ഞ സംഭവം എല്ലാവരിലും അത്ഭുതമുളവാക്കി. "ഞാനും കത്തോലിക്കാ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഫലമനുഭവിച്ചിട്ടുണ്ട്" എന്നു പറഞ്ഞുകൊണ്ടാണ് സംഭവം വിവരിച്ചത്. നാട്ടിൽ ദാരിദ്ര്യം കൊടുമ്പിരി കൊണ്ടപ്പോൾ ജനങ്ങൾ പട്ടിണികൊണ്ടു വലഞ്ഞു. അക്കാലത്ത്, വീടിനടുത്തുള്ള കത്തോലിക്കാ ദൈവാലയത്തിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തിരുന്നു. ബാലനായിരുന്ന അദ്ദേഹം സ്വന്തം പിതാവിന്റെ കയ്യിൽ പിടിച്ച്, പള്ളിയിൽ വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ വാങ്ങിയ ഓർമ്മകൾ പങ്കുവച്ചപ്പോൾ സദസ്സിലുണ്ടായിരുന്ന ഞങ്ങളുടെ കണ്ണുകൾ ഈറനണിഞ്ഞു.

ചൈനയെന്ന കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിലെ ഒരു രാജ്യത്തിന്റെ തലവൻ ഇപ്രകാരമൊരു പൊൻതൂവൽ കത്തോലിക്കാ സഭയുടെ നെറുകയിൽ ചാർത്തിയപ്പോൾ ഞങ്ങളുടെ സന്തോഷം അതിരറ്റതായിരുന്നു. നമ്മുടെ നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ വൈദികമേലദ്ധ്യക്ഷന്മാരെയും,

വൈദികരെയും പച്ചക്കള്ളം പറഞ്ഞ് ജനങ്ങളിൽനിന്നും, യുവജനക്ഷേമപ്രവർത്തനങ്ങളിൽനിന്നും ഒറ്റപ്പെടുത്താനും ഒറ്റിക്കൊടുക്കാനും ശ്രമിക്കുമ്പോൾ നാം നിർവ്വീര്യരാകരുത്. കാരണം, അവരുടെ ചോരയിലും ക്രൈസ്തവ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ശക്തിയാണ് പ്രവഹിക്കുന്നത്. അതവർ മനസ്സിലാക്കാൻ കുറച്ചു സമയമെടുക്കുമെന്നു മാത്രം.

വൈദികവർഷം സഭയുടെ ഇടയവർഷമാണ്. വൈദികരെ ഇടയദൗത്യത്തിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തനനിരതരാക്കാൻ സാധിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ സഹായകമാകുന്ന രീതിയിൽ വൈദികരുടെ വൈവിധ്യമാർന്ന കഴിവുകളെയും സിദ്ധികളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് നൂതന അജപാലനശുശ്രൂഷകൾ കൂടുതൽ വൈദഗ്ധ്യത്തോടെ ആരംഭിക്കേണ്ടത് ആവശ്യമാണ്. വൈദികവർഷാചരണം സ്ഥായിയായി നിലനിൽക്കുന്ന ദിശാബോധത്തോടു കൂടിയ, ജനോപകാരപ്രദമായ പദ്ധതികൾക്ക് രൂപം നൽകുവാൻ സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു.

## ഇടയന്റെ നാളകൾ

### ജനുവരി 2010

1. തൂമ്പാക്കോട്, കല്ലംകുന്ന്
2. വെങ്ങൂർ, പറപ്പൂക്കര
3. കല്ലേറ്റുംകര, ഇരിങ്ങാലക്കുട
4. ഇരിങ്ങാലക്കുട
5. ഇരിങ്ങാലക്കുട, കൊരട്ടി
6. ഇരിങ്ങാലക്കുട
7. ഇരിങ്ങാലക്കുട
8. ഇരിങ്ങാലക്കുട
9. മുനിപ്പാറ, ഇരിങ്ങാലക്കുട
10. ഇരിങ്ങാലക്കുട

11.15 കാക്കനാട്.

16. മാള, ചാലക്കുടി,കരുവന്നൂർ കരാഞ്ചിറ, പോട്ട
17. ഇരിങ്ങാലക്കുട, ചാലക്കുടി, കരുവന്നൂർ
18. ചാലക്കുടി, കല്ലേറ്റുംകര
19. കരാഞ്ചിറ, കരുവന്നൂർ
20. ഇരിങ്ങാലക്കുട
21. നെഹ്രുനഗർ, ആളൂർ
22. പരിയാരം
23. ഇരിങ്ങാലക്കുട
24. കിടങ്ങൂർ
25. മണ്ണുത്തി
26. ഇരിങ്ങാലക്കുട, കൊന്നക്കുഴി
27. ചാലക്കുടി
28. മാള, ഇരിങ്ങാലക്കുട
29. കുറ്റിക്കാട്, കല്ലൂർ
30. ഇരിങ്ങാലക്കുട
31. തൃശ്ശൂർ, പിള്ളപ്പാറ

## ഇടയന്റെ ഇന്നലെകൾ

### ഡിസംബർ 2009

1. 02.30 p.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
   04.00 p.m. ഹിസ്റ്ററി കമ്മീഷൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
2. 09.30 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
   06.45 p.m. ആളൂർ BLM- ൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.
   03.00 p.m. ആനന്ദപുരം സാൻജോ സദൻ സന്ദർശിച്ചു.
3. 06.30 a.m. അൽവേർണിയ കോൺവെന്റിൽ വി.ബലിയർപ്പിച്ചു.
   10.00 a.m. സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ നടന്ന FINDA Programme ഉദ്ഘാടനം ചെയ്തു.
   03.00 p.m. Sahrdaya College-ന്റെ ട്രസ്റ്റ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.
   05.00 p.m. കാറളം പള്ളിയിൽ നടന്ന കൺവെൻഷനിൽ സമാപന സന്ദേശം നൽകി.
4. 10.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
   02.00 p.m. ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹൈസ്ക്കൂളിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.
5. 10.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
   11.15 a.m. ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ് ഹാളിൽ തിരുബാല സഖ്യം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.
6. 08.30 a.m. പാദുവാനഗർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.
   04.00 p.m എലിഞ്ഞിപ്ര ലൂർദ്ദ്നഗറിൽ ജോൺ കിഴക്കൂടനച്ചന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയിൽ കാർമ്മികത്വം വഹിച്ചു.
7. 09.30 a.m. വിദ്യാജ്യോതിയിൽ പുസ്തകമേള ഉദ്ഘാടനം ചെയ്തു.
   11.00 a.m. നെല്ലായി, നിർമല കോൺവെന്റിൽ വി. ബലിയർപ്പിച്ചു.
   02.30 p.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
8. 09.30 a.m. വൈദികവർഷത്തോടനുബന്ധിച്ച്, കത്തീഡ്രലിൽ നടത്തിയ രൂപതയിലെ എല്ലാ വൈദികരുടെയും മാതാപിതാക്കന്മാരുടെയും സ്നേഹസംഗമത്തിൽ സമൂഹ ബലിയർപ്പിച്ചു.
9. 06.30 a.m. ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി.ബലിയർപ്പിച്ചു.
   10.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

10–12. K.C.B.C മീറ്റിംഗിൽ പങ്കെടുത്തു.

12. 10.00 a.m. പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷനായി.

13. 08.45 a.m. [illegible] ഇടവകയിൽ ഇടയസന്ദർശനം നടത്തി

14. 09.10 a.m. ആലുവയിൽ മാമ്മോദീസ നടത്തി.

15. 09.00 a.m. കുറ്റിക്കാട്

12.15 p.m. കാട്ടുങ്ങച്ചിറ ലിസ്യു കോൺവെന്റിൽ ഹാൾ ആശീർവ്വദിച്ചു

05.00 p.m. ബിഷപ്പ്സ് ഹൗസിൽ പാക്സ്മീറ്റിംഗിൽ പങ്കെടുത്തു.

16. 09.30 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

11.00 a.m. ബിഷപ്പ്സ് ഹൗസിൽ ഫ്രാൻസിസ്കൻ അല്മായസഭയുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

02.30 p.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

05.00 p.m. പാക്സിൽ ക്രിസതുമസ് ആഘോഷങ്ങളിലും സ്റ്റാഫ് മീറ്റിംഗിലും പങ്കെടുത്തു.

17. 10.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

12.00 p.m. കൊറ്റനെല്ലൂരിൽ ഡയറി ഫാം ആശീർവ്വദിച്ചു.

03.00 p.m. കത്തീഡ്രലിൽ സീനിയർ പാരിഷ്ണേഴ്സ് അസ്സോസിയേഷന്റെ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു

18. 07.00 a.m. നവചൈതന്യയിൽ വി. ബലിയർപ്പിച്ചു.

10.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

04.00 p.m. കൊന്നക്കുഴിയിൽ എഫ്.സി.സി. കോൺഗ്രിഗേഷന്റെ ഇലക്ഷൻ സിനാക്സിസിൽ സന്ദേശം നല്കി.

06.30 p.m. സെന്റ് പോൾസ് മൈനർ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

19. 06.15 a.m. ഇലക്ഷൻ സിനാക്സിനോടനുബന്ധിച്ച് ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി.ബലിയർപ്പിച്ചു.

11.00 a.m. ബിഷപ്പ്സ് ഹൗസിൽ "തിരുനിണം" പ്രകാശനം ചെയ്തു.

02.30 p.m. വിദ്യാജ്യോതിയിൽ ലോഗോസ് ക്വിസ് അവാർഡ്ദാനം നടത്തി.

20–21. മദ്രാസ് മിഷനിൽ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

21 08.00 p.m. ഇരിങ്ങാലക്കുട ശാന്തിസദനത്തിൽ ക്രിസ്തുമസ് ആഘോഷങ്ങത്തിന് സന്ദേശം നൽകി.

06.30 a.m. മുത്രത്തിക്കര പള്ളിയിൽ വി. ബലിയർപ്പിക്കുകയും ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

12.00 noon Sahrdaya Engineering College-ൽ ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

05.00 p.m. കാറളം പള്ളിയുടെ മദ്ബഹ ആശീർവ്വദിക്കുകയും വി. ബലിയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

09.00 a.m. ഇരിങ്ങാലക്കുട കത്തീഡ്രലിൽ പ്രൊഫഷണൽ സി.എൽ.സി. സംഘടിപ്പിച്ച കരോൾ മത്സരഘോഷ യാത്രയുടെ സമാപനത്തിൽ സന്ദേശം നൽകി.

23. 09.15 a.m. കനകമലയിൽ പുതിയതായി നിർമ്മിച്ച ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

06.00 p.m. കനകമല ദേവാലയപ്രതിഷ്ഠയോടനുബന്ധിച്ച് നടന്ന പൊതുമീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

24. 10.00 a.m. ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ബഹു. ഡീക്കന്മാരെയും അവരുടെ മാതാപിതാക്കളെയും ബിഷപ്സ് ഹൗസിൽ സ്വീകരിച്ച് സന്ദേശം നൽകി.

11.30 p.m. കത്തീഡ്രലിൽ തിരുപ്പിറവിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

25. Christmas

26. 09.00 a.m. സ്നേഹഗിരി പള്ളിയിൽ ബഹു. ഡീക്കൻ ജോസഫ് കൊവാത്തുപറമ്പിലിന് തിരുപ്പട്ടം നല്കി.

02.30 p.m വിജയഗിരി സ്ക്കൂളിൽ സംഘടിപ്പിച്ച പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

06.00 p.m. പേരാമ്പ്ര പള്ളിയിൽ സി.എൽ.സിയുടെ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

27. 07.00 a.m. ആനന്ദപൂരം ചെറുപുഷ്പം പള്ളിയിൽ വി. ബലിയർപ്പിച്ചു.

10.00 a.m. ഒല്ലൂർ ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു.

12.05 p.m. കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

03.00 p.m. PACS-ൽ നടന്ന പ്രോലൈഫ് പ്രോഗ്രാമിൽ സംബന്ധിച്ചു.

04.00 p.m. കല്ലേറ്റുംകരയിലെ ദിവ്യകാരുണ്യാശ്രമത്തിന്റെ Extension ആശീർവ്വദിച്ചു

28. 09.30 a.m. കത്തീഡ്രൽ ഇടവകയിൽ ഡീക്കൻ നിജോ ജോൺ പള്ളായിയുടെയും ഡീക്കൻ ജോബിയുടെയും തിരുപ്പട്ടദാനശുശ്രൂഷ നിർവ്വഹിച്ചു.

29. 09.30 a.m. ആളൂർ സെ. ജോസഫ്സ് ഇടവകയിൽ ഡീക്കൻ വിൽസൻ പെരേപ്പാടന്റെയും ഡീക്കൻ ബിനോയ് തോമാസ് നെരേപ്പറമ്പിലിന്റെയും ഡീക്കൻ സിബി കാഞ്ഞിത്തറയുടെയും തിരുപ്പട്ടദാനശുശ്രൂഷ നിർവ്വഹിച്ചു.

30. 09.15 a.m. ചെന്ത്രാപ്പിന്നി ഈസ്റ്റ് പള്ളിയിൽ ഡീക്കൻ ഫെബി പുളിക്കന് തിരുപ്പട്ടം നല്കി.

31. 09.30 a.m. നോർത്ത് ചാലക്കുടി ഇടവകയിൽ ഡീക്കൻ അനീഷ് പെല്ലിശ്ശേരിക്ക് തിരുപ്പട്ടം നല്കി.